

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മൂന്നിയൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ് എ എം.പി എം.15/2739/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 20/12/2025
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂന്നിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പി.സി),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ:
കെ.എസ്.എ.എം.പി.എം.15/2739/2025

തീയ്യതി: 20/12/2025

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-11-2024 മുതൽ 10-11-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അർഷഫ് പെരുമ്പള്ളി കെ.എ.എസ്.	ഡെപ്യൂട്ടി ഡയറക്ടർ	11-11-2025	19-11-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം:

തീയതി (മുതൽ)	തീയതി (വരെ)
11-11-2025	19-11-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുന്നാസർ പി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ. മുഹമ്മദ് നൗഷാദ് എ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജസ്ന എം, ഓഡിറ്റർ
ശ്രീമതി. ഹസീന സി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. സുഹറാബി ടി പി	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. ഉണ്ണി കെ	സെക്രട്ടറി	01-04-2024	31-05-2024
ശ്രീ. സന്തോഷ് പി കെ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-06-2024	08-09-2024
ശ്രീ. നവാസ് കെ പി എം	സെക്രട്ടറി	09-09-2024	04-10-2024

ശ്രീമതി. ജോളി ജോൺ	സെക്രട്ടറി-ഇൻ-ചാർജ്ജ്	05-10-2024	06-10-2024
ശ്രീമതി. നാസില സി എ	സെക്രട്ടറി	07-10-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സന്തോഷ് പി കെ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	19-09-2024
ശ്രീമതി. ബിൽക്കീസ് ചീരോത്ത്	അസിസ്റ്റന്റ് സെക്രട്ടറി	20-09-2024	31-03-2025
ഡോ. ഷാഹിദ	മെഡിക്കൽ ഓഫീസർ (ആയുർവേദം	01-04-2024	31-03-2025
ശ്രീ. രാജീവൻ	ഹെഡ്മാസ്റ്റർ	01-06-2024	31-03-2025
ഡോ. ഷിജിൻ എ	വെറ്റിനറി സർജൻ	01-04-2024	31-03-2025
ഡോ. സാദിഖ്	മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ് (ഹോമിയോ)	01-04-2024	31-03-2025
ശ്രീ. വിനോദ്കുമാർ കെ പി	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. അഭിജിത എം	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2024	16-08-2024
ശ്രീമതി. റിനി എ	ഐ സി ഡി എസ് സൂപ്പർവൈസർ	17-08-2024	31-03-2025
ശ്രീ. അബ്ദുസമദ് വി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	11-11-2024
ശ്രീമതി. ഷാമില	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	12-11-2024	31-03-2025
ഡോ. റഫീഖ്	മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി)	01-04-2024	31-03-2025
ശ്രീമതി.അഞ്ജന	വി.ഇ.ഒ,മൂന്നിയൂർ സർക്കിൾ	01-04-2024	28-04-2024
ശ്രീ.അനിൽ കുമാർ	വി.ഇ.ഒ,മൂന്നിയൂർ സർക്കിൾ	29-04-2024	09-07-2024
ശ്രീമതി.അഞ്ജന	വി.ഇ.ഒ,മൂന്നിയൂർ സർക്കിൾ	10-07-2024	31-03-2025
ശ്രീമതി.അഞ്ജന	വി.ഇ.ഒ,വെളിമുക്ക് സർക്കിൾ	01-04-2024	28-04-2024
ശ്രീ.അനിൽ കുമാർ	വി.ഇ.ഒ,വെളിമുക്ക് സർക്കിൾ	29-04-2024	07-07-2024
ശ്രീമതി.ലിഷ.ഇ.പി	വി.ഇ.ഒ,വെളിമുക്ക് സർക്കിൾ	08-07-2024	31-03-2025
ശ്രീ. അലി.പി	ഹെഡ് മാസ്റ്റർ	01-04-2024	31-05-2024
ശ്രീമതി. സജ്ന. ഒ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല	1-1-1
3	ചട്ട പ്രകാരമുള്ള തുടുവൻ രേഖകളും വാർഷിക കണക്കിനോടൊപ്പം ഉൾകൊള്ളിച്ചിട്ടില്ല	1-1-2
4	ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല	1-1-3
5	കാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-4
6	വാർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല.	1-1-5
7	ഡെപ്പോസിറ്റ് ചെയ്ത തുകകൾ അക്കൗണ്ടിൽ ക്രഡിറ്റ് ആയില്ല	1-1-6
8	സമയബന്ധിതമായി ഡിമാന്റ് എന്റ്രികൾ രേഖപ്പെടുത്തിയില്ല.	1-1-7
9	B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളുടെ എ സി ആർ സൂക്ഷിക്കുന്നില്ല	1-1-8
10	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള തുക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല	1-1-9
11	ഗ്രാന്റ് ഇനങ്ങളിലെ ചെലവ് AQR. AFS എന്നിവയുമായി പൊരുത്തപ്പെടുന്നില്ല	1-1-10
12	ബാധ്യത ശിർഷകങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല.	1-1-11
13	ബാങ്ക് സ്റ്റേറ്റ്മന്റ്, ബാങ്ക് റീ കൺസീലിയേഷൻ പത്രികകൾ ഹാജരാക്കിയില്ല.	1-1-12
14	ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.	1-1-13
15	രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പടുന്നില്ല	1-1-14
16	ഓഡിറ്റിൽ കൃത്യത പരിശോധിക്കാവുന്ന തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.	1-1-15
17	ബജറ്റ്	1-2
18	സാമ്പത്തിക വിശകലനം (Receipt And Payment Report പ്രകാരം)	1-3
19	ഫണ്ട് വിനിയോഗം (ACR പ്രകാരം)	1-4
20	പദ്ധതി അവലോകനം	1-5
21	തൊഴിലുറപ്പു പദ്ധതി	1-6
22	ക്ഷേമപദ്ധതികൾ	1-7
23	ക്യാഷ് പരിശോധന	1-8
24	ആഭ്യന്തര നിയന്ത്രണം	1-9
25	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
26	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം	1-11
27	ജലജീവൻ മിഷൻ പദ്ധതി- അവലോകനം	1-12
28	പരിഷ്കരിച്ച തൊഴിൽ നികുതി ഈടാക്കിയില്ല - വിശദീകരണം ലഭ്യമാക്കേണ്ടതാണ്	1-13
29	പാരാമെഡിക്കൽ സ്ഥാപനങ്ങൾ /സ്വകാര്യ ആശുപത്രികൾ രജിസ്ട്രേഷൻ/ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു	1-14
30	കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.	1-15
31	അണ്ടർഗ്രൗണ്ട് വിദ്യുച്ഛക്തി സ്ഥാപനത്തിന്റെ കെട്ടിട നികുതി പുനഃസ്ഥാപിച്ചില്ല	1-16
32	മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.	1-17
33	കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.	1-18
34	കറന്റ് അക്കൗണ്ടിൽ പഞ്ചായത്ത് ഫണ്ട് സൂക്ഷിക്കുന്നതിനാൽ വരുമാന നഷ്ടം.	1-19

35	മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.	1-20
36	വാഹന വാടക - കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല	1-21
37	വാഹനം -സൂക്ഷിപ്പ്, ലോഗ് ബുക്ക് അപാകതകൾ	1-22
38	ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ഹരിതകർമ്മ സേനക്ക് വാഹനം വാടകക്കെടുത്തു.	1-23
39	തൊഴിൽ നികുതി - അപാകതകൾ	1-24
40	മുൻകൂർ തുക നൽകിയിട്ടും ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായില്ല	1-25
41	പഞ്ചകർമ്മ തെറാപ്പി റൂം സജ്ജീകരണം - പ്രവൃത്തി അപാകതകൾ	1-26
42	വനിതകൾക്ക് യോഗപരിശീലനം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല	1-27
43	SSK വിശദമായ വിനിയോഗ വിവരം ലഭ്യമല്ല	1-28
44	സ്കൂളുകളിലേക്ക് ബെഞ്ചു ഡെസ്കും വാങ്ങൽ സ്റ്റോക്ക്, മറ്റ് അപാകതകൾ	1-29
45	ഡ്രൈനേജ് പ്രവൃത്തികളിൽ ബെഡ് കോൺക്രീറ്റിംഗിന് ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകി	1-30
46	ഡ്രൈനേജ് പ്രവൃത്തികളിൽ മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകുന്നു	1-31
47	എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി	1-32
48	ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല- ചെലവ് തുക തടസ്സം ചെയ്യുന്നു.	1-33
49	ഗ്രാമീണ കണക്കിവിറ്റി മാപ്പ്- പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.	1-34
50	അസിസ്റ്റന്റ് സെക്രട്ടറി ക്യാഷ് ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല	1-35
51	പാനമൂറി നിർമ്മാണം - അപാകതകൾ	1-36
52	ലൈബ്രറി കൗൺസിലിന്റെ അംഗീകാരമില്ലാത്ത വായനശാലകൾക്ക് പുതകം വിതരണം ചെയ്തു	1-37
53	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക അടവാക്കൽ- വിനിയോഗ വിവരം ലഭ്യമായില്ല,മറ്റ് അപാകതകൾ	1-38
54	മുൻകൂർ തുക അനുവദിച്ചു-കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായില്ല. മറ്റ് അപാകതകൾ	1-39
55	കേരളോത്സവം-രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.	1-40
56	വസ്തു നികുതി ഡിമാന്റ് നോട്ടീസ് വിതരണം - കൈപ്പറ്റുകൾ ലഭ്യമാക്കിയില്ല.	1-41
57	സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി- അപാകതകൾ	1-42
58	സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ് അടവാക്കൽ, സംയുക്ത പരിശോധന - അപാകതകൾ	1-43
59	വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല	1-44
60	സർക്കാർ നിർദ്ദേശ പ്രകാരം അസറ്റുകളുടെ സ്റ്റോക്ക്/രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല	1-45
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
1	എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി	3-1
	ഭാഗം 4	
1	മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യ പ്രതിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ടിന്റെ വിവരം	4-4
5	മൊബിലൈസേഷൻ നൽകിയതിന്റെ വിവരം	4-5
6	വായ്പ/ തിരിച്ചടവിന്റെ വിവരം	4-6
7	സ്ഥിര നിക്ഷേപത്തിന്റെ വിവരം	4-7

8	ഓഡിറ്റ് നിക്ഷേപി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-9
10	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-12
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മൂന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 12.06.2025 തീയതിയിലെ 1/1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 26.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്രസംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശദീകരണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാരണങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മൂന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്പൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തീയതി : 26-12-2025

1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി ഒത്തുതപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല

1-1-2 ചട്ട പ്രകാരമുള്ള മൂഴുവൻ രേഖകളും വാർഷിക കണക്കിനോടൊപ്പം ഉൾകൊള്ളിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1-3 ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

1-1-4 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalents' ആയി രേഖപ്പെടുത്തിയ തുകയും (-3597403.4) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ' (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (2060315) തുല്യമല്ല

1-1-5 വാർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല.

വാർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ B-14 Stock In Hand (Inventories) എന്ന ഷെഡ്യൂളിൽ തുക രേഖപ്പെടുത്തിയിട്ടില്ല.

1-1-6 ഡെപ്പോസിറ്റ് ചെയ്ത തുകകൾ അക്കൗണ്ടിൽ ക്രഡിറ്റ് ആയില്ല

സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് വെള്ളിമുക്കിന്റെ 2469 നമ്പർ അക്കൗണ്ടിന്റെ 31.03.2025 ലെ ബാങ്ക് റീകൺസിലിയേഷൻ പ്രതിക പ്രകാരം താഴെ പറയും പ്രകാരം ചെക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതു വരെ അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല

ക്രമ നമ്പർ	ചെക്ക് നമ്പർ	തീയതി	തുക
1	668562	21.11.2019	7433
2	585461	28.02.2023	5000

1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രുവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് അക്രൂ ആകുന്ന സമയങ്ങളിലും (പ്രതിമാസം, അർദ്ധവർഷം) ഡിമാന്റ് എൻട്രി നടത്താതെ 31.03.2025 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്

1-1-8 B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളുടെ എ സി ആർ സൂക്ഷിക്കുന്നില്ല

AFS B-4 (Contribution For Specific Purposes) പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ഇല്ലാത്ത ചുവടെ ചേർത്ത ഇനങ്ങളുടെ നീക്കിയിരിപ്പ് പരിശോധിക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്

Head Code	Item	Amount
320100162	Sarva Siksha Abhiyan	5,58,000
320100190	Vimukthi Grant	47,456
320100196	Integrated Child Developement Scheme	14,852,490
320100999	Swarna Jayanthi Grama Swarozgar Yojana	18,909
320200207	Fund For Transferred Institutions - Ayurveda-Capital	300,000
320200299	Fund For Transferred Institutions - Others-Capital	451,500
320100191	Nirmal Puraskar	167,273
320100193	Drought Relief Grant	330,018
320100195	Grant From Suchitwa Mission	2,263,345

1-1-9 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

AFS B-4 (Contribution For Specific Purposes) പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുകകൾ B-17 (Cash And Bank Balance) ൽ കാണിച്ച ഇതേ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

ക്രമ നം	ഇനം	B-4 പ്രകാരം	B-17 പ്രകാരം
1	TSC	1010163/-	287659/-
2	CFC(Tied+Untied)	7583129+13360691=20943820	21566705
3	Jalamidhi	18,21,881	6,60,212
4	Health Towards Support For Diagnostic Infrastructure To The PHCs	942588	941388
5	Rural Housing-Housing For All	3,978,558	3,844,497
6	Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats	520,200	0

1-1-10 ഗ്രാന്റ് ഇനങ്ങളിലെ ചെലവ് ACR, AFS എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

ചുവടെ ചേർത്ത ഗ്രാന്റ് ഇനങ്ങളിലെ ചെലവ് ACR, AFS എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു

ഗ്രാന്റ് ഇനം	ACR പ്രകാരം	AFS പ്രകാരം	വ്യത്യാസം
CFC-Tied	12400045	12342419	57626

1-1-11 ബാധ്യത ശിർഷകങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല.

വാർഷികകണക്ക്, ഷെഡ്യൂൾ ബി – 9 – ഹെഡ് – 3302000202 പ്രകാരം കാലഹരണപ്പെട്ട നികുതിയായ വാറ്റ് ₹6061/- – യുടെ നീക്കിയിരിപ്പ് ബാധ്യതയായി നിലനിർത്തിയിരിക്കുന്നു. ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല മേൽ തുക ബന്ധപ്പെട്ട സ്ഥാപനത്തിന് കൈമാറാത്തത് സംബന്ധിച്ച മറുപടി ലഭ്യമാക്കേണ്ടതാണ്

1-1-12 ബാങ്ക് സ്റ്റേറ്റ്മന്റ്, ബാങ്ക് റീ കൺസീലിയേഷൻ പത്രികകൾ ഹാജരാക്കിയില്ല.

RP 40(B)യിൽ ഉൾപ്പെടുത്തിയ ചുവടെ ചേർത്ത അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മന്റ് , ബാങ്ക് റീ കൺസീലിയേഷൻ പത്രിക എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല

	ബാങ്ക് അക്കൗണ്ട്	തുക
1	Other Co-Operative Bank-(3331)	1,007
2	FEDERAL BANK (KSMART)-(16470100226155)	288,629
3	State Bank Of Travancore-(67291368505)	1,028,364

1-1-13 ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുകകൾ ക്രമീകരിക്കാൻ അവശ്രേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ Sub Treasury, Thuravoorgadi-(71506140000017) എന്ന ട്രഷറി അക്കൗണ്ടിന്റെ 31.03.2023 തീയ്യതിയിലെ റീകൺസിലിയേഷൻ പത്രികയിൽ 30.06.2023 ൽ 267683/- രൂപ "Directly Debited By Bank" എന്ന ഇനത്തിൽ ട്രഷറി പിന്റ് വഹിച്ചിരിക്കുന്നു. ഇത് ഏത് ഇനത്തിലുള്ള തുകയാണെന്ന് വ്യക്തമാക്കേണ്ടതാണ്

1-1-14 രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷിക ധനകാര്യ പത്രികയുമായി ഒത്തുനോക്കുന്നില്ല

താഴെ പറയുന്ന വരവിനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള വരവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവും തമ്മിൽ ഒത്തുനോക്കുന്നില്ല

ക്രമ നമ്പർ	വരവിനം	രജിസ്റ്റർ പ്രകാരം	വാർഷിക കണക്കു പ്രകാരം	വ്യത്യാസം
1	പെർമിറ്റ് ഫീസ്	4009329	4507669	498340
2	അപേക്ഷാ ഫീസ്	398000	429300	31300
3	റഗുലറൈസേഷൻ ഫീസ്	2398619	2795066	396447
4	ലൈസൻസ് ഫീസ്	322600	319000	3600
5	തൊഴിൽ നികുതി ട്രേഡോളസ് -അഡ്വാൻസ് വരവ്	333340	303590	32250
6	തൊഴിൽ നികുതി ട്രേഡോളസ് -അൻവർഷ വരവ്	444550	476000	31650
7	ഓഡിറ്റ് നിക്കുവറി	76263	72462	3806

1-1-15 ഓഡിറ്റിൽ കൃത്യത പരിശോധിക്കാവുന്ന തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1.വാർഷിക ധനകാര്യ പത്രിക RP-33 Deposites Received (P) ഷെഡ്യൂൾ പ്രകാരം Deposit Received From Others ഇനത്തിൽ 31700 രൂപയും Election Deposite ഇനത്തിൽ 2000/- രൂപയും തിരികെ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ ആധികാരികത പരിശോധിക്കാനായിട്ടില്ല

2.അഡ്വാൻസ് രജിസ്റ്ററിൽ 11 ഇനങ്ങളിലായി ആകെ 16927733 രൂപയുള്ളതായി വാർഷിക സംഗ്രഹം രേഖപ്പെടുത്തിയിട്ടുണ്ട് (വാർഷിക കണക്കിൽ 13 ഇനങ്ങളിലായി 16976394/- ബാലൻസ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്). Advance To Gramalakshmi Mudralayam -34,261, Advance To Others -14,400 എന്നീ ഇനങ്ങളിലെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയതിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല

3.വാടകയിനത്തിൽ വാർഷിക കണക്കിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ യഥാക്രമം 12000, 11000, 1000 എന്നിങ്ങനെ തുകകൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാടക രജിസ്റ്ററോ രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല

1-2 ബജറ്റ്

ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി	പുതുക്കിയ തീരുമാന നം./തിയ്യതി
1/1 തീയതി 09.01.2024	2/1 തീയതി 22.02.2025

1-3 സാമ്പത്തിക വിശകലനം (Receipt And Payment Report പ്രകാരം)

മുന്നിരിപ്പ്	15,54,05,168
വരവ്	11,42,19,270
ആകെ	26,96,24,438
ചെലവ്	15,01,93,304
നീക്കിയിരിപ്പ്	11,94,31,134

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

ഫണ്ടിനം	മുൻബാക്കി	വരവ് തുക	ആകെ	ചെലവ് തുക	നീക്കിബാക്കി
വികസന ഫണ്ട് (ജനറൽ)	0	3,50,68,972	3,50,68,972	3,02,21,590	48,47,082
വികസനഫണ്ട് (എസ്.സി.പി)	0	74,92,000	74,92,000	56,88,004	1,80,39,96
വികസനഫണ്ട് (ടി.എസ്.പി)	0	0	0	0	0
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	2,48,64,000	2,48,64,000	1,31,97,330	1,16,66,670
സംരക്ഷണ ഗ്രാന്റ് (നാഡിതരം)	0	88,02,000	88,02,000	67,22,260	20,79,740
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied	0	1,52,00,482	1,52,00,482	1,24,00,045	28,00,437
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Un Tied	0	89,23,145	89,23,145	59,86,615	29,36,530

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

വർഷം	അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭൗതികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
2024-25	354	243723757	201	111623750	0	153	56.7%

കുറിപ്പ് - സൂക്ഷ്മ ചെലവ് പത്രിക പ്രകാരമുള്ള അടങ്കലാണ് മേൽ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്നാൽ ഓ പ്രോജക്ടുകളുടെ അടങ്കൽ തുകയിൽ ഉൾപ്പെട്ടിട്ടില്ല

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ
ഇല്ല

1-6 തൊഴിലുറപ്പു പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
കൂലിച്ചെലവുകൾ	0	1182119	1182119	861723	320396
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	16408548	16408548	16408548	0

1-7 ക്ഷേമപദ്ധതികൾ

തൽവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകത്തൊഴിലാളി പെൻഷൻ	28,80,000	174
വിധവാപെൻഷൻ	2,90,20,500	1853
വാർദ്ധക്യകാലപെൻഷൻ	5,38,05,800	3739
വികലാംഗപെൻഷൻ	1,11,36,000	726
വിവാഹ ധനസഹായം	1,20,000	4
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	12,39,300	81

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.2025 ന് 11.00 AM മണിക്ക് സ്ഥാപന തലവന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 3,517/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കുത്തുറ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ, ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. വസ്തു നികുതി, തൊഴിൽ നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ് തുടങ്ങിയ പ്രധാന വരുമാനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടത്തിയിട്ടില്ല.

2. ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാരെ ചുമതലയേൽപ്പിക്കുന്ന ജോലികളുടെ ഫയലുകൾ കൃത്യമായി സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3. പൂർത്തീകരിച്ച നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല. മോണിറ്ററിംഗ് കാര്യക്ഷമമല്ല.

5. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല.

6. കറന്റ് അക്കൗണ്ടിൽ വൻ തുക നിക്ഷേപിക്കുന്നത് പലിശയിനത്തിലുള്ള വരുമാന നഷ്ടത്തിന് കാരണമാകുന്നു.

7. വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് ഉൾപ്പെടുത്താവുന്നതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	16.11.2022	06/2022 മുതൽ 10/2022 വരെ	16.11.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	03.07.2019 മുതൽ 15.07.2019 വരെ	1997-1998 മുതൽ 2005-2006 വരെ	04.10.2019

1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ ഗ്രാമ പഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്. ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.01.2026 തീയതിയിലെ ഡി.കെ.എസ്.എ 201/ഗ1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിനോടൊപ്പമായി മുന്നിയൂർ ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. ഓഡിറ്റ് എൻകോയറി നമ്പർ 1.09.10.2025 ന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ

വർഷം	സ്കീം -1 Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs	സ്കീം - 3 Grants For Specific Purposes – Health Grant Towards Support For Diagnostic InfraStructure To The PHCs	സ്കീം - 4 Grants For Specific Purposes - Health Grant Towards Conversion Of PHCs And Subcentres In To Health And Wellness Centres	ആകെ
2021-22	0	NIL	NIL	
2022-23	0	321305	185000	506305
2023-24	0	1510000	596000	2106000
2024-25	0	631000	949000	1580000
ആകെ	0	2462305	1730000	4192305

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ക്രമം)

വർഷം	സ്കീം -1	സ്കീം - 3	സ്കീം - 4	ആകെ
2021-22	0	0	0	
2022-23	0	70032	0	70032
2023-24	0	997605	221060	1218665
2024-25	0	533509	498723	1032232
ആകെ	0	1601146	719783	2320929

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

വർഷം	സ്കീം 1	സ്കീം 3	സ്കീം 4
2024-25	0	942588	1039492

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

വർഷം	പദ്ധതിയുടെ പേര്	ചെലവ് തുക
2022-23	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ (203/23)	47976
2022-23	കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (204/23)	6600
2023-24	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ (157/24)	7986
2023-24	മുന്നിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (158/24)	80060
2023-24	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ (291/24)	989619
2023-24	മുന്നിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (292/24)	141000
2024-25	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ (291/25)	264287
2024-25	കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (292/25)	97726
2024-25	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ (294/25)	239523
2024-25	കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (293/25)	400997

സുലേഖ ചെലവ് പ്രസ്തുത പ്രകാരം സ്കീം 3, 4 എന്നിവയിലായി 2022-23 വർഷത്തിൽ ആകെ 345760/- രൂപയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നാൽ 2022-23 വാർഷിക ധനകാര്യപ്രസ്തുത 1 A പ്രകാരം സ്കീം 3 യിലെ ചെലവ് 70032 രൂപയാണ്

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. സ്കീം 1 ഇനത്തിൽ നാളിതു വരെ ഗ്രാമ പഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല. ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

1-12 ജലജീവൻ മിഷൻ പദ്ധതി- അവലോകനം

2024 ഓടു കൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും പൈപ്പിലൂടെ കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. ജനകീയ പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര മാർഗ്ഗ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 ആണ്. സംസ്ഥാന വിഹിതത്തിന്റെ പകുതി തദ്ദേശ ഭരണ സ്ഥാപനവും ഗുണഭോക്താക്കളും വഹിക്കണം. തദ്ദേശ ഭരണ സ്ഥാപന വിഹിതം- 15% ഉം 10% ഗുണഭോക്തൃ വിഹിതവുമാണ്. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.5.2025 ലെ ഡി.ഒ.കെ എസ് എ/201/ജെ1/2025 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം മുന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിനൊപ്പം ഗ്രാമ പഞ്ചായത്തിൽ മേൽ പദ്ധതി നടത്തിപ്പ് പരിശോധനാ വിധേയമാക്കി.

1. **തുക വകയിരുത്തൽ/ വാട്ടർ അതോറിറ്റിക്ക് കൈമാറൽ**

കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിന്റെ വിഹിതം 15% ഗുണഭോക്തൃ വിഹിതമായ 10% എന്നിവ വാട്ടർ അതോറിറ്റിക്ക് കൈമാറേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്ത് നാളിതു വരെ ജലജീവൻ പദ്ധതിക്കായി തുക വകയിരുത്തുകയോ വാട്ടർ അതോറിറ്റിക്ക് കൈമാറുകയോ ചെയ്തിട്ടില്ല.

2. **പദ്ധതി നടപ്പാക്കിയിട്ടില്ല.**

മുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ കുടിവെള്ളം ആവശ്യമുള്ള 93% വീടുകൾക്കും ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളം ലഭിക്കുന്നുണ്ട്. ബാക്കി വരുന്ന വീടുകൾക്ക് കൂടി അതേ പദ്ധതിയിൽ ഉൾപ്പെടുത്തി കണക്ഷൻ നൽകാൻ ധാരണയായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കേണ്ടതില്ലെന്നും ജലനിധിക്ക് വേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ റീസ്റ്റോറേഷൻ പൂർത്തിയായി വരുന്ന സ്ഥിതിക്ക് ഇനിയും വെട്ടിപ്പൊളിക്കാൻ അനുവദിക്കരുതെന്നും 19.12.2023 ലെ 16:1 തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ട്. മേൽ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ പദ്ധതി ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.

1-13 പരിഷ്കരിച്ച തൊഴിൽ നികുതി ഈടാക്കിയില്ല - വിശദീകരണം ലഭ്യമാക്കേണ്ടതാണ്

സ.ഉ(സാധാ) നം. 1149/2024/എൽ എസ് ജി ഡി തിയ്യതി 27.06.2024 പ്രകാരം തൊഴിൽ നികുതിയുടെ പരിഷ്കരിച്ച നിരക്കുകൾ താഴെ പറയുന്നു.

സ്ലാബ്	അർദ്ധവാർഷിക വരുമാനം	നികുതി നിരക്ക് (പ്രാബല്യം 01.10.2024)
1	11,999 വരെ	ഇല്ല
2	12000 - 17999	120
3	18000 - 29999	450
4	30000 - 44999	600
5	45000 - 59999	750
6	60000 - 74999	750
7	75000 - 99999	750
8	100000 - 124999	1000
9	125000 മുതൽ	1250

മുന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. താഴെ പറയുന്ന ജീവനക്കാരിൽ നിന്ന് രണ്ടാം അർദ്ധവാർഷത്തിൽ പരിഷ്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനത്തിന്റെ പേര്	ജീവനക്കാരന്റെ പേര്	അർദ്ധവാർഷിക വരുമാനം	ഈടാക്കിയ തുക	ഈടാക്കേണ്ട തുക	കുറവ് വന്ന തുക
അക്ബർ ട്രാവൽസ് തലപ്പാറ	മുഹസിൻ	59800	450	750	300
	അബ്ദുനാസർ	59800	450	750	300
	അബ്ദുറഹിമാൻ	49600	450	750	300
	മഷ്ഹൂദ്	34000	180	450	270
	ദിൽജിത്ത്	34000	180	450	270
	സുമേഷ്	12000	120	320	200
സീപീ മാർബിൾസ്	ഷംസുദ്ദീൻ	48000	450	750	300
	ബിജു	48000	450	750	300
	സുരേഷ്കുമാർ	48000	450	750	300
	ഷിജ	45000	450	750	300
	അജീഷ്	48000	450	750	300
	റസാഖ്	48000	450	750	300

	ഷബീറലി	66000	600	750	150
	ആസിഫ്	54000	450	750	300
	സനൂപ്	54000	450	750	300
	ഫൈറസ	54000	450	750	300
	മെഹറൂഫ്	72000	600	750	150
	സീത	72000	600	750	150
കൊശമറ്റം ഫിനാൻസ്	സുനിത	72000	600	750	150
	ബബിത	60000	600	750	150
	വീണ	44400	300	600	300
	അമൃത	42000	300	600	300
ആംക്കോ സ്റ്റീൽ തലപ്പാറ	അനന്തകൃഷ്ണൻ	27600	180	450	270
	ഇസ്മായിൽ	28500	180	450	270
	മുഹമ്മദ് ഷരീഫ്	28500	180	450	270
	മുഹമ്മദ് അജ്മൽ റോഷൻ	29500	180	450	270
	നവാസ്	34500	180	450	270
	അബ്ദുൽ റസാഖ്	44300	300	600	300
നിബ്രാസ് സെക്കന്ററി സ്കൂൾ	ബിന്ദു	69000	600	750	150
	കദീജ	57000	450	750	300
	ഹാരിസ്	67800	600	750	150
	അഫീല	52800	450	750	300
	നിഷ	52800	450	750	300
	രജിത	52800	450	750	300
	ബിന്ദു	52800	450	750	300
	ആതിര	63000	600	750	150
	അശ്വതി	63000	600	750	150
	അഭിനയ	57000	450	750	300
	സിന്ധു	63000	600	750	150
	നസ്റത്ത്	63000	600	750	150
	പ്രജിഷ	63000	600	750	150
	മുബഷിറ	54000	450	750	300
	നൂറുൽ ആഫിഫ	54000	450	750	300
	മുഹസിന	60000	600	750	150
	ആഷിഫ	46800	450	750	300
	നീതു	46800	450	750	300
	ഷംന	57000	450	750	300
	ലക്ഷിക	63000	600	750	150
	പ്രസീത	54000	450	750	300
	അൻഷിബ ഷെറിൻ	54000	450	750	300
	ജിൻസി	54000	450	750	300
	രൂപിണി	54000	450	750	300
	അനുപമ	60000	600	750	150
	ലീന	60000	600	750	150
	നാഫില റസാഖ്	42000	300	600	300
	സുഹറ	42000	300	600	300
	ഷക്കീല	42000	300	600	300
	റഹീന	42000	300	600	300
	സുമയ്യ	42000	300	600	300
	മുഹമ്മദ് ജാബിർ	57000	450	750	300
	ഷബീറ	58000	450	750	300
ആകെ			15780	25520	9740

കുറവ് വന്ന തൊഴിൽ നികുതി ഇടാക്കി രേഖകൾ സഹിതം വിവരം അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നമ്പർ-1/2024-25/13.11.2025) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മേൽ ജീവനക്കാരിൽ നിന്ന് അർദ്ധവാർഷിക വരുമാനത്തിനനുസരിച്ച് പരിഷ്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഇടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 പാരാമെഡിക്കൽ സ്ഥാപനങ്ങൾ /സ്വകാര്യ ആശുപത്രികൾ രജിസ്ട്രേഷൻ/ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രികൾ എന്നിവയുടെ രജിസ്ട്രേഷൻ രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 270 പ്രകാരം സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യേണ്ടതും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. സെക്ഷൻ 270 A , 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളെ ചട്ടം 8 എന്നിവ പ്രകാരം രജിസ്റ്റർ ചെയ്യാതെയോ, രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനു ശേഷവും തുടർന്നും ഒരു സ്വകാര്യ ആശുപ്രതിയോ പാരാ മെഡിക്കൽ സ്ഥാപനമോ പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ അയ്യായിരം രൂപവരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറു രൂപവരെയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. താഴെ പറയുന്ന ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2024-25 വർഷം രജിസ്റ്റർ ചെയ്യുകയോ പുതുക്കുകയോ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയവ ഹാജരാക്കേണ്ടതാണ്.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	ലൈസൻസ് നമ്പർ
1	നൻമ ലബോറട്ടറി	RPTL19/GPO/2024/4560 Dated 30.08.2024
2	സ്മൈൽ & സ്മൈൽ - Dental Clinic	RPTL19/GPO/2024/1406 Dated 02.08.2024

2. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 233 പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രികൾ പഞ്ചായത്തിൽ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്
1	അൽ സഫ ഡെന്റൽ ക്ലിനിക്, പടിക്കൽ
2	ലൈഫ് കെയർ ഡയഗ്നോസ്റ്റിക് സെന്റർ,
3	യൂണിറ്റി ഡയഗ്നോസ്റ്റിക് സെന്റർ, താഴെ ചേളാരി
4	ലൈഫ് കെയർ ഫാർമ
5	പാലിയേറ്റീവ് ഫിസിയോ തെറാപ്പി റിഹാബിലിറ്റേഷൻ സെന്റർ, വെളിമുക്ക്
6	MDH ഫാർമ, പരപ്പനങ്ങാടി റോഡ്, ആലിൻചുവട്
7	ACE ലൈഫ് അക്യുപങ്ചർ
8	ഡോ. സക്കിയ ഡെന്റൽ ക്ലിനിക്
9	വേ 2 ഡെന്റ് കോസ്മെറ്റിക് & കാർത്തോഡെന്റിക് സെന്റർ
10	തങ്ങൾ ഡെന്റൽ ക്ലിനിക്

മേൽ അപാകതകളിൻമേൽ നൽകിയ ഓഡിറ്റ് എൻകെയറി (18/24-25/17.11.2025) ക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകതകളിന്മേൽ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

1-15 കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2011 കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (i) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി നിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 10 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ 1/2019-ത സ.ഭേ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്യുപൻസി

നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്. ആയവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതും സംബന്ധിച്ച രേഖകളും വിവരങ്ങളും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകയറിക്ക് (29-24-25/18.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇക്കാര്യത്തിലുള്ള തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-16 അൺഎയ്ഡഡ് വിദ്യഭ്യാസ സ്ഥാപനത്തിന്റെ കെട്ടിട നികുതി പുനഃസ്ഥാപിച്ചില്ല

28.03.2023 ലെ നമ്പർ 13(2) ലെഗ് എ1/2023 നിയമം സർക്കാർ വിജ്ഞാപനം (2023 ലെ 18-ാം ആക്ട്) പ്രകാരം അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പടെയുള്ള സർക്കാർ അംഗീകൃത വിദ്യഭ്യാസ സ്ഥാപനങ്ങൾക്ക് (സർക്കാർ, എയ്ഡഡ് ഒഴികെ) അനുവദിച്ച് വന്നിരുന്ന വസ്തു നികുതിയിളവ് 01.04.2023 പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുള്ളതാണ്. നിലവിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബി/എ വകുപ്പ് പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പടെയുള്ള സർക്കാർ അംഗീകൃത വിദ്യഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 20 ൽ പ്രവർത്തിക്കുന്ന ക്രെസെന്റ് റെസിഡെൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ എന്ന സർക്കാർ അംഗീകൃത അൺഎയ്ഡഡ് വിദ്യഭ്യാസ സ്ഥാപനത്തിന്റെ കെട്ടിടങ്ങളുടെ നികുതി വിവരങ്ങൾ പരിശോധിച്ചതിൽ, ടി കെട്ടിടങ്ങളുടെ വസ്തു നികുതി 01.04.2023 പ്രാബല്യത്തിൽ പൂന്ന സ്ഥാപിച്ചിട്ടില്ല എന്ന് കാണുന്നു. നികുതി ഒഴിവാക്കപ്പെട്ട കെട്ടിടമായാണ് നില നിൽക്കുന്നത്. കെട്ടിട വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

കെട്ടിട ഉടമ സ്ഥാപനം	കെട്ടിട നമ്പർ, വിസ്തീർണ്ണം	കുറിപ്പ്
ക്രെസന്റ് ഹയർ സെക്കന്ററി സ്കൂൾ	20/267, താഴത്തെ നില (235ച മീ), ഒന്നാം നില (235ച മീ), രണ്ടാം നില (235ച മീ)	സൂചന പ്രകാരം മേൽ സ്ഥാപനത്തിൽ ഇത്രയും കെട്ടിടങ്ങൾ ആണ് വിദ്യാഭ്യാസ ആവശ്യ ഗണത്തിൽ നമ്പർ അനുവദിച്ചതായി കാണുന്നത്
	20/268	
	താഴത്തെ നില (683.2ച മീ), ഒന്നാം നില (727.5ച മീ), രണ്ടാം നില (727.5ച മീ), മൂന്നാം നില (727.5ച മീ)	
	20/269	
	താഴത്തെ നില (709.83ച മീ), ഒന്നാം നില (709.83ച മീ), രണ്ടാം നില (709.83ച മീ)	
	20/270	
	താഴത്തെ നില (85ച മീ)	
	20/271	
	താഴത്തെ നില (792ച മീ), ഒന്നാം നില (792ച മീ), രണ്ടാം നില (792ച മീ)	
	20/272	
	താഴത്തെ നില (455.5ച മീ), ഒന്നാം നില (406.7ച മീ), രണ്ടാം നില (406.7ച മീ)	

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.39/2024-25/19.11.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-17 മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

വാർഷിക ധനകാര്യ പത്രികയിലെ ഇ-15 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കുന്ന വിവിധ ശീർഷകങ്ങളിലായി നൽകിയ മുൻകൂർ തുക ക്രമീകരിക്കാൻ ബാക്കി നിൽക്കുന്നു.

കോഡ്	ശീർഷകം	തുക	നിബന്ധന

460100101	Festival Advance	26,000	
460100103	Temporary Advance For Official Purposes	391,549	2014 മുതലുള്ള വിവരങ്ങളാണ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്
460100199	Other Advances	141,912	2022 മുതലുള്ള വിവരങ്ങളാണ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്
460300103	Advance Payment Of Royalty	18,651	എന്ന് മുതലുള്ള വിവരങ്ങളാണ് എന്നത് സംബന്ധിച്ച് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്
460300201	Advance To Implementing Agencies - Deposit With Kerala Water Authority	4,290,000	2014 ജനുവരി മുതലുള്ള വിവരങ്ങളാണ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്
460300202	Advance To Implementing Agencies - Deposit With Kerala Electricity Board	3,397,996	2014 മാർച്ച് മുതലുള്ള വിവരങ്ങളാണ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്
460300204	Advance To Implementing Agencies - Deposit With Ground Water Department	264,384	2022 ഏപ്രിൽ മുതലുള്ള വിവരങ്ങളാണ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്
460300499	Advance To Other Accredited Agencies	6,323,460	2022 ഏപ്രിൽ മുതലുള്ള വിവരങ്ങളാണ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്
460300501	Advance To Implementing Officers	171,257	2022 ഓഗസ്റ്റ് മുതലുള്ള വിവരങ്ങളാണ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്
460300601	Advance To Gramalakshmi Mudralayam	34,261	രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ എന്ന് മുതലുള്ള തുകയാണെന്നത് സംബന്ധിച്ച് വ്യക്തതയില്ല
460300801	Advance To Mahatma Gandhi NREGA/AUEGS Administrative Expense	1,862,342	2024 ഏപ്രിൽ മുതലുള്ള വിവരങ്ങളാണ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്
460309901	Advance To Others	14,400	രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ എന്ന് മുതലുള്ള തുകയാണെന്നത് സംബന്ധിച്ച് വ്യക്തതയില്ല
ആകെ		16976194	

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന മുൻകൂറുകൾ ഇപ്രകാരം ക്രമീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 42/2024-25/19.11.2025)

മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-18. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക കണക്കിലെ ഷെഡ്യൂൾ B-7 പ്രകാരം ചുവടെ ചേർത്ത ഡെപ്പോസിറ്റുകൾ അവശേഷിക്കുന്നുണ്ട്. (രജിസ്റ്റർ പരിശോധിച്ചതിൽ 2017-18 വർഷം മുതലുള്ള ഡെപ്പോസിറ്റുകളുടെ വിശദാംശങ്ങൾ ആണ് ചേർത്തിട്ടുള്ളത്.)

ക്രമ നമ്പർ	ഇനം	01.04.2024 ലെ മുന്നിരിപ്പ്	31.03.25 ലെ നീക്കിയിരിപ്പ് (ഷെഡ്യൂൾ B-7 പ്രകാരം)	കുറിപ്പ്
1	Contractor's Earnest Money Deposit	7,500	7,500	01.04.22 മുതലുള്ള വിശദാംശങ്ങളാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്
2	Supplier's Earnest Money Deposit	12,300	12,300	2017 മുതലുള്ള വിശദാംശങ്ങളാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്
3	Bidder's Earnest Money Deposit	28,500	32,500	2017 നവംബർ മുതലുള്ള വിശദാംശങ്ങളാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്
4	Supplier's Security Deposit	8,500	8,500	2017 മുതലുള്ള വിശദാംശങ്ങളാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്

5	Bidder's Security Deposit	328,000	328,000	2023 ഫെബ്രുവരി മുതലുള്ള വിശദാംശങ്ങളാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്
6	Contractor's Retension	69,892	119,811	2019 ജൂൺ മുതലുള്ള വിശദാംശങ്ങളാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്
7	Election Deposit	8000	8,000	രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ ഏത് വർഷം മുതലുള്ള തുകയാണെന്നത് സംബന്ധിച്ച് വ്യക്തതയില്ല
8	Other Deposit (340200901)	145,201	145,201	2012 ഡിസംബർ മുതലുള്ള വിശദാംശങ്ങളാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്
9	Road Cutting - Deposite	11325	25,253	രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ ഏത് വർഷം മുതലുള്ള തുകയാണെന്നത് സംബന്ധിച്ച് വ്യക്തതയില്ല
Total			687065	

കേരള ഫിനാൻസ് കോഡ് ആർട്ടിക്കിൾ 56 (ബി) പ്രകാരം Liability Period നു ശേഷം മൂന്ന് വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതായിരുന്നു. മേൽപ്പറഞ്ഞവയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 16/24-25 18.11.2025 നു മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞവയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-19 കറന്റ് അക്കൗണ്ടിൽ പഞ്ചായത്ത് ഫണ്ട് സൂക്ഷിക്കുന്നതിനാൽ വരുമാന നഷ്ടം.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2023 തിയ്യതിയിലെ സർക്കുലർ നമ്പർ എൽ.എസ്.ജി.ഡി./പി1/2073/2023-ആർഇവി2 പ്രകാരം BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേയ്മെന്റിനായി നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ്- കൊമേഴ്ഷ്യൽ ബാങ്കുകളിൽ പ്രത്യേക കറണ്ട് ബാങ്ക് അക്കൗണ്ട് ആരംഭിക്കാം എന്നും ഗ്രാമ പഞ്ചായത്തുകൾ എല്ലാ മാസവും 5 ന് അക്കൗണ്ടിൽ ലഭിച്ച തുക റിക്കൺസിലിയേഷൻ നടത്തി നിലവിലുള്ള തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണെന്നും 5 ന് അക്കൗണ്ടുകൾ മറ്റ് ഇടപാടുകൾക്കോ ധന വിനിയോഗങ്ങൾക്കോ യാതൊരു കാരണവശാലും ഉപയോഗിക്കാൻ പാടില്ലാത്തതുമാണെന്നും വ്യക്തമാക്കിയിട്ടുള്ളതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിനു വേണ്ടി എസ്.ബി.ഐ ബാങ്കിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിന്റെ (STATE BANK OF INDIA- 67387351111)) 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(A), RP-40(B) എന്നിവ പരിശോധിച്ചതിൽ 01.04.24 ന് 21,750,776/- രൂപ മുൻബാക്കിയും 31.3.2025 ന് 19,483,473/- രൂപ നീക്കിയിരിപ്പും ഉണ്ട് (പാസ് ബുക്ക് ബാലൻസ് യഥാക്രമം 21383480/- രൂപ 19421013/- രൂപ).

ഗ്രാമ പഞ്ചായത്ത് ഐ.സി.ഐ.സി.ഐ ബാങ്കിൽ ആരംഭിച്ച മറ്റൊരു കറന്റ് അക്കൗണ്ടിന്റെ (CICI BHIM-UPI- 123101000737- UPI A/C) 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(A), RP-40(B) പാസ് ബുക്ക് എന്നിവ പരിശോധിച്ചതിൽ 01.04.24 ന് 1,317,396/- രൂപ മുൻബാക്കിയും 31.3.2025 ന് 4,163,734/- രൂപ നീക്കിയിരിപ്പും ഉണ്ട്.

കറന്റ് അക്കൗണ്ടുകളിൽ അക്കൗണ്ട് നിലനിർത്തുന്നതിന് വേണ്ട ഒരു നിശ്ചിത തുക നിലനിർത്തിയ ശേഷം ബാക്കി തുക പലിശ ലഭിക്കുന്ന എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നെങ്കിൽ പലിശ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് വരുമാനം ലഭിക്കുമായിരുന്നു.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2023 തിയ്യതിയിലെ സർക്കുലർ നിർദ്ദേശത്തിനു വിരുദ്ധമായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നതിന് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 30/24-25 ന് 11.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബാലൻസ് തുക പലിശ ലഭിക്കുന്ന വിധത്തിൽ സേവിങ്സ് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുകയും പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-20 മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ, (ഹീ.എച്ച്.സി) നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം, മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ/ പേര്	അടങ്കൽ ചെലവ്	ബിൽ നമ്പർ/ തിയ്യതി	പ്രൊഫോമ ഇൻവോയ്സ് നമ്പർ/ തിയ്യതി	ലഭ്യമാക്കിയ മരുന്നിന്റെ വിവരം	ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നിന്റെ വിവരം

19:25- പരിരക്ഷ പദ്ധതി	1600000/1388029	BRN-241506520386016368 15 22.1.25- 300000/-	PRF4632/ 21.03.25- 300000/-	മരുന്നുകൾ ലഭ്യമായിട്ടില്ല	300000/-
13:25, പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ	1200000/ 1032964/- (NEGOTIATED)	1.BRN-241507652038600864122/ 5.11.24- 700000/-	1.PRF1743/ 26.10.24- 700000/-	1141/1.7.25- 220791 1992/29.9.25- 209425 2082/27.09.25- 84263 ആകെ 505479/-	194521/-
		2.BRN-241506520386012356 98 31.1.25- 300000-	2.PRF1746/ 28.10.24- 300000/-	മരുന്നുകൾ ലഭ്യമായിട്ടില്ല	300000/-
274:25, അതി ദരിദ്രർക്ക് മരുന്ന് വാങ്ങൽ	125000 20798/- (തന്നത് ഫണ്ട്)	BRN-241507512026 0001458046/ 07.03.25- 112000/-	PRF252/ 10.06.24- 20798/-	106/15.04.25-1648 1706/31.1.25-4758 2069/27.02.25-2277 ആകെ 8693/-	12115/-
ആകെ					806635/-

മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകെയറിക്ക് (23/24-25/18.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തിയ ഇൻവോയ്സുകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-21 വാഹന വാടക - കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

ഒരു കരാർ പ്രകാരം അനുവദിക്കുന്ന തുക ഒറ്റത്തവണ 30,000/- രൂപയ്ക്ക് മുകളിൽ ആണെങ്കിലോ / ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000/- രൂപക്ക് മുകളിൽ ആണെങ്കിലോ Income Tax Act 1961, Sec 194C പ്രകാരം, അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമായിരുന്നു. എന്നാൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പരിരക്ഷ പദ്ധതികളുടെ ഭാഗമായി കരാറടിസ്ഥാനത്തിൽ വാഹനം വാടകക്കെടുത്തിട്ടുണ്ട്.എന്നാൽ അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിച്ചതായി കാണുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പാലിയേറ്റീവ് കെയർ പദ്ധതി 19:25 പ്രോജക്ടിന്റെ ഭാഗമായി ഗൃഹ സന്ദർശനം നടത്തുന്നതിനായി മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ രണ്ട് ഹോം കെയർ യൂണിറ്റ് നടന്നു വരുന്നുണ്ട്.ആയതിന്റെ ഭാഗമായി രണ്ട് വാഹനങ്ങൾ വാടകക്കെടുത്തിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.കരാറുകാരൻ -ശ്രീ.ബാലിദ്.മണക്കടവൻ ഹൗസ്,മൂന്നിയൂർ.പി.ഒ

വാഹന നമ്പർ-KL 55 F 1492

വാഹന വാടകയിനത്തിൽ ദിവസം 1100 രൂപ നിരക്കിൽ ഓഡിറ്റ് വർഷം വാടക ഇനത്തിൽ ആകെ 242000/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്

ബിൽ നം./വൗച്ചർ നം/ തീയ്യതി	വാഹന വാടക നൽകിയത്	ഈടാക്കേണ്ട ആദായ നികുതി
241506320386010194811 13.12.24	22000	2420
241506320386004390338 22.7.24	66000	
241506320386016184642 1.3.25	22000	
241506320386015583911 7.3.25	22000	
241506320386007118502 7.09.24	22000	
241506320386010204791 13.12.24	22000	
241506320386011072439 30.12.24	22000	
241506320386012123692 3.1.25	22000	
241506320386014724567 7.3.25	22000	
ആകെ	242000	

2.കരാറുകാരൻ-ശ്രീ ഉണ്ണിക്കൃഷ്ണൻ കുഴിക്കാട്ടിൽ , കൊടക്കാട് പി.ഒ

വാഹന നമ്പർ- KL12-D-4355

വാഹന വാടകയിനത്തിൽ ദിവസം 1200 രൂപ നിരക്കിൽ ഓഡിറ്റ് വർഷം വാടക ഇനത്തിൽ ആകെ 190800/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്

ബിൽ നം./വൗച്ചർ നം/ തീയ്യതി	വാഹന നൽകിയത്	വാടക	ഈടാക്കേണ്ട ആദായ നികുതി
241306320386013562 23/20.2.25	24000	1690	
241306320386014826 49/10.3.25	22800		
241306320386009190 72/18.11.24	24000		
241306320386008449 83/30.10.24	24000		
241306320386011072 46/30.12.24	24000		
241306320386016194 70/21.3.25	25200		
241306320386012128 51/23.1.25	24000		
ആകെ	166000		

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ-24 /2024-25/18.11.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുക ഈടാക്കി അടവാക്കി അറിയിക്കേണ്ടതാണ്

1-22 വാഹനം -സൂക്ഷിപ്പ്, ലോഗ് ബുക്ക് അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം KL65T5413 വാഹനം രേഖകൾ ,സൂക്ഷിപ്പ് തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) GO (Rt) No. 582/75/PW Dated 03/05/1975 പ്രകാരം വർഷത്തിൽ ഒരിക്കൽ, പ്രധാന എഞ്ചിൻ റിപ്പയർ നടത്തിയാൽ, മൈലേജിൽ കാര്യമായ വ്യത്യാസം കണ്ടെത്തിയാൽ എന്നിങ്ങനെ വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം (KL65T5413), മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2) ലോഗ് ബുക്കിൽ മാസാന്ത്യ റണ്ണിംഗ് ഫ്യൂവൽ ഉപഭോഗം സംബന്ധിച്ച സംക്ഷിപ്തം രേഖപ്പെടുത്തുകയോ കസ്റ്റോഡിയൻ കൺട്രോളിംഗ് ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3) GO (Rt) No. 166/2017/തസ്വഭവ തീയതി 20/01/2017 ഖണ്ഡിക 3.9 പ്രകാരം വാഹനത്തിന്റെ വ്യത്തിയായ പരിപാലനം, ഉത്തരവാദിത്തം സംബന്ധിച്ച കാര്യങ്ങൾ വ്യക്തമാക്കിയിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിന് സ്വന്തം കെട്ടിടത്തിലോ മറ്റോ ആയി വാഹനം സുരക്ഷിതമായി പാർക്ക് ചെയ്യു കേടുപാടുകൾ കൂടാതെ സൂക്ഷിക്കുന്നതിനുള്ള ഇടമില്ലാതെ റോഡ് സൈഡിലും മറ്റുമായാണ് ഗ്രാമപഞ്ചായത്തിന്റെ പുതിയ വാഹനം നിലവിൽ സൂക്ഷിക്കുന്നത് എന്ന് കാണുന്നു.

4) സ.ഉ(പി) നം. 161/2006/ഫിൻ തീയതി 31.03.2006 പ്രകാരമുള്ള വെഹിക്കിൾ ഹിസ്റ്ററി ബുക്കോ വാഹനത്തിന്റെ റിപ്പയർ മെയിന്റനൻസ് രജിസ്റ്ററോ സൂക്ഷിക്കുന്നുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും (ഓഡിറ്റ് എൻകുയറി നം.33/18.11.25-മറുപടി ലഭ്യമാക്കിയിട്ടില്ല) ആയവ പരിഹരിക്കേണ്ടതുമാണ്.

1-23 കമ്മീഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ഹരിതകർമ്മ സേനക്ക് വാഹനം വാടകക്കെടുത്തു.

സെക്രട്ടറിയുടെ ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും MCFലേക്ക് മാലിന്യം എത്തിക്കുന്നതിന്, KL 18 M 6975 നമ്പർ വാഹനം ഓടിയ വകയിൽ കിലോമീറ്ററിന് 60 രൂപ നിരക്കിൽ ശ്രീ. ബീരാൻ എം എന്നവർക്ക് ചുവടെ ചേർത്ത പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

ക്രമ നം	വൗച്ചർ നം/ തീയതി	തുക	ഓടിയ ദൂരം(കി.മീ)	ട്രിപ്പ് ഷീറ്റ് പ്രകാരം വാഹനം ഓടിയ മാസം/ദിവസം
1	2240004 2/30.04.2024	23760	396	23.03.24 മുതൽ 11.04.2024 വരെ കാലയളവിൽ - 10 ദിവസം
2	2240018 7/10.07.2024	26340	439	16.04.24 മുതൽ 22.05.2024 വരെ കാലയളവിൽ - 16 ദിവസം
3	2240021 4/10.07.2024	10620	177	24.05.24 മുതൽ 28.06.2024 വരെ കാലയളവിൽ - 5 ദിവസം
4	2240030 5/13.08.2024	22380	373	17.06.24 മുതൽ 08.07.2024 വരെ കാലയളവിൽ - 8 ദിവസം
ആകെ		83100	1385	

ഇത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ- ജി.ഒ(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരം 5000 രൂപക്ക് മുകളിലും 25000 രൂപക്ക് താഴെയുമുള്ള ചെലവുകൾക്ക് ക്വട്ടേഷൻ നടപടികളും ആയതിന് മുകളിലുള്ള ചെലവുകൾക്ക് ടെണ്ടർ നടപടികളും സ്വീകരിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മേൽ നടപടിക്രമങ്ങൾ പാലിക്കാതെ കിലോ മീറ്ററിന് 60 രൂപ നിരക്കിൽ വാഹന വാടക അനുവദിച്ചത് ക്രമപ്രകാരമല്ല.

2) ട്രിപ്പ് ഷീറ്റുകളിൽ വാഹനത്തിന്റെ ഉടമ ഓരോ ദിവസവും ഓടിയ ദൂരം മാത്രമാണ് രേഖപ്പെടുത്തുന്നത്. ഓരോ ട്രിപ്പിനും എവിടെ നിന്ന് എവിടെ വരെ എത്ര ദൂരം ഓടി എന്ന വിവരം രേഖപ്പെടുത്തുന്നില്ല. അതിനാലും, ഓരോ ദിവസത്തെയും ട്രിപ്പ് ലോഡ് വിവരം ഹരിതകർമ്മസേന രജിസ്റ്ററിൽ രേഖപ്പെടുത്തി

സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാലും തുക അനുവദിക്കപ്പെട്ട ദിവസങ്ങളിൽ ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയ ആകെയും ട്രിപ്പുകൾ എടുത്തിട്ടുണ്ടോ എന്നതും ആകെയും കിലോമീറ്റർ ദൂരം വാഹനം ഓടിയിട്ടുണ്ടോ എന്നതും ഉറപ്പ് വരുത്താനായിട്ടില്ല

മുകളിലെ പട്ടികയിലെ ക്രമ നം. 3, 4 വാഹന ചെലവുകൾ പരിശോധിച്ചാൽ തന്നെ ഇക്കാര്യം വ്യക്തമാകുന്നതാണ്. 3 പ്രകാരം 3 ദിവസം 117 കിലോ മീറ്ററും ക്രമ നം. 4 പ്രകാരം 3 ദിവസം 313 കിലോമീറ്ററും ഓടിയതായാണ് കാണുന്നത്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, മേൽ വാഹനം വാടകക്കെടുത്തതിന് കൃത്യമായ ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ ഇത് സംബന്ധിച്ച് രേഖസമിതി തീരുമാനമോ കരാർ ചർച്ചയോ ഉണ്ടെങ്കിൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാനുമാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻകായറി നം.32/18.11.25-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-24 തൊഴിൽ നികുതി - അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ചുവടെ കൊടുത്ത സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയില്ല

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	അടവാക്കാത്ത കാലയളവ് (അർദ്ധവർഷം)
1	ഭാരത് പെട്രോളിയം	2
2	CRISS വെള്ളിമുക്ക്	2

മേൽ സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക എത്രയുണ്ടെന്ന് കണക്കാക്കാൻ സാധിച്ചിട്ടില്ല.

മുകളിൽ പരാമർശിച്ച സ്ഥാപനങ്ങളിലെ 2024-25 വർഷത്തിലെ മുഴുവൻ ജീവനക്കാരുടെയും പേര്, അർദ്ധ വാർഷിക വരുമാനം (റിട്ടേൺ) ഹാജരാക്കേണ്ടതാണ്. ആയത് പരിശോധിച്ച് ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽനികുതിയും ഈടാക്കേണ്ടതുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

2. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി അടവാക്കിയില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	രജിസ്ട്രേഷൻ അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം
1	അൽ സഫ ഡെന്റൽ ക്ലിനിക്	ലഭ്യമല്ല
2	ലൈഫ് കെയർ ഡയഗ്നോസ്റ്റിക് സെന്റർ	4
3	യൂണിറ്റി ഡയഗ്നോസ്റ്റിക് സെന്റർ	8
4	ലൈഫ് കെയർ ഫാർമ	3
5	പാലിയേറ്റീവ് ഫിസിയോ തെറാപ്പി റിഹാബിലിറ്റേഷൻ സെന്റർ	3
6	MDH ഫാർമ	5
7	ACU ലൈഫ് അക്യുപങ്ചർ	2
8	ഡോ സകിയ ഡെന്റൽ ക്ലിനിക്	2
9	വേ 2 ഡെന്റ് കോസ്മെറ്റിക് & ഓർത്തോഡെന്റിക് സെന്റർ	4
10	തങ്കൾ ഡെന്റൽ ക്ലിനിക്	2

3. അസി. എഞ്ചിനീയർ സൂക്ഷിക്കുന്ന എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന കരാറുകാർ 2024-25 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ വിവിധ തരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട് എന്നാൽ ഇവരിൽ നിന്ന് ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം	കരാറുകാരന്റെ പേര്
1	അബ്ദുൽ അസീസ് ഇ കെ
2	മുഹമ്മദ് അനസ്
3	ഫൈസൽ പി കെ
4	അതുൽ എം
5	മുഹമ്മദ് മുസ്തഫ
6	ഉമ്മർ കെ പി
7	സിദ്ദീഖ് പി എം

8	സുരേന്ദ്രൻ എം
9	വിനോജ് എം
10	ഷിജു എം
11	മുഹമ്മദ്

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻകുയറി (നമ്പർ 17/2024-25/17.11.2025) ക്ക് മറുപടി ലഭ്യമാക്കിയില്ല. പട്ടികകളിൽ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-25 മുൻകൂർ തുക നൽകിയിട്ടും ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് ലഭ്യമായില്ല

പ്രൊജക്ട്	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
നമ്പർ	353/25
അടങ്കൽ	1,00,000
ചെലവ്	1,00,000
ഫണ്ടിനം	മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)
ബിൽ നമ്പർ / തീയതി	241506530409013239/69/13.02.2025 - 1,00,000 രൂപ

മേൽ പദ്ധതി പ്രകാരം മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി മൂന്നിയൂർ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് ചുവടെ പറയും പ്രകാരം മുൻകൂർ തുക നൽകിയിട്ടുണ്ട്.

പ്രൊഫാർമ ഇൻവോയ്സ് നം. തുക	മുൻകൂർ നൽകിയ തുക	ലഭിച്ച മരുന്നുകൾ		മരുന്നുകൾ ലഭിക്കാൻ ആവശ്യപ്പെടുന്ന തുക
		ഇൻവോയ്സ് നം	തുക	
ലഭ്യമാക്കിയില്ല	1,00,000	LF 1565/ 15.09.2025	43,587/-	772/-
		LF 324/03.06.2025	55,641/-	
ആകെ			99,228/-	

ആവശ്യപ്പെടുന്ന 772/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് ഹോംകോയുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും മരുന്നുകൾ ഉടനെ ലഭ്യമാക്കുമെന്ന് അവർ അറിയിച്ചിട്ടുണ്ടെന്നും തുടർനടപടി വിവരങ്ങൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകുയറി (നമ്പർ - 19/2024-25/17.11.2025) ക്ക് മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്റർ രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-26 പഞ്ചകർമ്മ തെറാപ്പി റൂം സജ്ജീകരണം - പ്രവൃത്തി അപാകതകൾ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (ആയുർവേദം)

പദ്ധതി: -160/25 ആയുർവേദ ആശുപത്രി കണ്ടിജൻസി ചെലവുകൾ

അടങ്കൽ - 400000/-(196000 തനത് ഫണ്ട് , 204000 മെയിന്റനൻസ് ഫണ്ട്-NR)

ചെലവ് - 400000/-(196000 തനത് ഫണ്ട് , 204000 മെയിന്റനൻസ് ഫണ്ട്-NR)

(1) ബിൽ നം. 241506520387/0088197/08.11.2024 Rs. 35546

(2) ബിൽ നം. 241506520387/0088197/08.11.2024 Rs. 4925

(3) ബിൽ നം. 241506520387/0141896/04.03.2025 Rs. 150233

(4) ബിൽ നം. 241506520387/0159196/19.03.2025 Rs. 13196

(5) വൗച്ചർ നം. 22401220/16.03.2025 Rs. 120171

(6) വൗച്ചർ നം. 22401325/27.03.2025 Rs. 48306

(7) വൗച്ചർ നം. 22401180/11.03.2025 Rs. 27523

ആയുർവ്വേദ ആശുപത്രിയുടെ കണ്ടിജൻസി ചെലവുകൾ എന്ന പദ്ധതിയുടെ ഭാഗമായുള്ള ആകെ ചെലവിൽ, ആയുർവ്വേദ ആശുപത്രിയിലെ പഞ്ചകർമ്മ തെറാപ്പി റൂം സജ്ജീകരണം എന്ന പ്രവൃത്തിയിൽ താൽക്കാലിക കെട്ടിടത്തിൽ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ (പ്രകാരം Partition With Nylam Sheet എന്ന പ്രവൃത്തി ചെയ്ത വകയിൽ Laxy Life Aluminium Fabrication Door&Interior Work, Padikkal എന്ന സ്ഥാപനത്തിന്റെ പ്രൊപ്രൈറ്റർ വിജിഷ് ബാബു കെ എന്നയാൾക്ക് 63360/- രൂപ ചെക്ക് നമ്പർ 591212 തീയ്യതി 28.01.2025 (എസ് ബി ഐ 57031225733) പ്രകാരം നൽകിയിട്ടുണ്ട് ചെലവ് വിവരം ചുവടെ ചേർക്കുന്നു

Sl. No	Item	Quantity	Total Sqft	Sqft Rate	Amount
1	2 1/2 X 1 1/2 Partition With Nylam Sheet	1	264	240	63360
Total					63360

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ-ജി.ഒ(പി) നം 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരം 5000 രൂപക്ക് മുകളിലും 25000 രൂപക്ക് താഴെയുമുള്ള ചെലവുകൾക്ക് കോട്ടേഷൻ നടപടികളും ആയതിന് മുകളിലുള്ള ചെലവുകൾക്ക് ടെണ്ടർ നടപടികളും സ്വീകരിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ് എന്നാൽ ചുവടെ പട്ടികയിൽ ചേർത്ത വൗച്ചറുകളിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

2. പ്രവൃത്തികൾ നടപ്പാക്കുന്നത് സംബന്ധിച്ച GO(P) 67/2021/Fin Dt 28.04.2021 ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായിട്ട് PAC Nos PMC ആയിട്ടല്ലാതെയും, അതാത് പ്രവൃത്തിക്ക് ന്യായകമായ ചെലവുകൾ നിരക്ക്, കോസ്റ്റ് ഇൻഡക്സ് എന്നിവക്കനുസരിച്ച് പ്രൈസ് സോഫ്റ്റ്വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നേടാതെയും, മുഴുവൻ മാസ്സർ, പ്രസക്തമായ സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ പാലിക്കാതെയുമാണ് പ്രവൃത്തി നടപ്പിലാക്കിയത്.

3. സ്ഥാപനം നൽകിയ കോട്ടേഷൻ അല്ലാതെ പ്രവൃത്തി നടത്തിയതിന്റെ അളവ് രേഖപ്പെടുത്തി ബിൽ തയ്യാറാക്കിയിട്ടില്ല. പ്രവൃത്തിയുടെ ഗുണനിലവാരം നിർവഹണോദ്യോഗസ്ഥനോ മറ്റ് ഏതെങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻകൊയറി (നമ്പർ 29/27.10.2025) ക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ പാലിക്കാതെയുമാണ് പ്രവൃത്തി നടപ്പിലാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-17 വനിതകൾക്ക് യോഗപരിശീലനം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രൊജക്ടിന്റെ പേര്	വനിതകൾക്ക് യോഗപരിശീലനം
പ്രൊജക്ട് നമ്പർ	13/25
നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (ആയുർവേദം)
അടങ്കൽ തുക	1,20,000/- (വികസന ഫണ്ട് ജനറൽ) 30,000/- (നെൽ ഫണ്ട്) 1,50,000/- (ആകെ)
ചെലവ് തുക	24,000/- (വികസന ഫണ്ട് ജനറൽ) 24,000/- (ആകെ)
ബിൽ നമ്പർ, തിയ്യതി തുക	24150652038701391976 – 19/03/2025 - 24000

മേൽ പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിലെ വനിതകൾക്ക് യോഗ പരിശീലനം നൽകുന്നതിനായി മെഡിക്കൽ ഓഫീസർ, ആയുർവേദം പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട് പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ 28.03.2022 ലെ സ ഉ (കൈ) നം 115/2022/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 7.6.3 പ്രകാരം വനിതകൾ, കുട്ടികൾ, വയോജനങ്ങൾ എന്നിവർക്ക് ആയുഷുമായി ചേർന്ന് യോഗപരിശീലനം നൽകാം എന്നാൽ ഈ പദ്ധതി പ്രകാരം 50 യോഗ മാറ്റുകൾ വാങ്ങിയതല്ലാതെ യോഗപരിശീലനം നൽകിയതിന്റെ രേഖകൾ (ട്രൈയിനറെ തെരഞ്ഞെടുത്തത് സംബന്ധിച്ച വിവരങ്ങൾ, വേതനം നൽകിയ വിവരങ്ങൾ, ട്രൈയിനിംഗ് നൽകിയതിന്റെ വിവരങ്ങൾ) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്നത് പരിശോധിക്കാനായില്ല.

2. ഇൻവോയിസ് നമ്പർ GF5730/24-25 തീയ്യതി 18.03.2025 പ്രകാരം G&F Medicine (Surgicals) Ram Mohan Road, Calicut എന്ന സ്ഥാപനത്തിൽ നിന്ന് 50 യോഗ മാറ്റുകൾ വാങ്ങിയിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Item	Quantity	Rate	GST @ 18%	Total
യോഗമാറ്റ് 4.5mm	50	406.78	3661.02	24000

സർക്കാർ ഉത്തരവ് 147/2017/LSGD തീയ്യതി 16.11.2017 ഖണ്ഡിക (1) പ്രകാരം അന്തിമ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് തുക നൽകേണ്ടത് ഇൻവോയിസ് നമ്പർ GF5730/24-25 തീയ്യതി 18.03.2025 പ്രകാരം G&F Medicine (Surgicals) Ram Mohan Road, Calicut എന്ന സ്ഥാപനത്തിന്റെ അക്കൗണ്ട് വിവരങ്ങൾ താഴെ പറയും പ്രകാരമാണ്

A/C No. 2712033589

Bank: Kotak Mahindra Bank, City Gallery Kozhikkode

IFSC: KKBK0000593

എന്നാൽ ബിൽ നം. 241506520397015919?6 – 19.03.2025 പ്രകാരം തുക മൈമാറിയിരിക്കുന്നത് താഴെ പറയുന്ന അക്കൗണ്ടിലേക്കാണ്.

A/C No. 57064912047

Bank: SBI

IFSC: SBIN0070191

തുക മേൽ അക്കൗണ്ടിലേക്ക് മൈമാറിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

3. കേരള ഫിനാൻഷ്യൽ കോഡ് റൂൾ 140 മുതൽ 154 വരെ റൂൾ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ലഭ്യമായി ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത ശേഷമാണ് തുക അനുവദിക്കാവുന്നത്. സ്റ്റോക്കെടുപ്പ് ശരിയായ രീതിയിൽ നടത്താതെ തുക അനുവദിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്. ബിൽ ഓഫീസ് പങ്കർപ്പുകളിൽ സ്റ്റോക്കെടുപ്പ് സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല
മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻകയറി (നം. 41/24-25/19.11.2025) ക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

1-28 SSK വിശദമായ വിനിയോഗ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവഹണം നടത്തിയ; പദ്ധതി നം. 01/2023 - എസ്.എസ്.കെ വിഹിതം നൽകൽ പദ്ധതി മുഖേന താഴെ പറയും പ്രകാരം ₹ 25,00,000/- രൂപ, ബിൽ നം. 24150652007700643120/09.09.24 (വികസന ഫണ്ട് ജനറൽ) State Project Officer SSK ക്ക് നൽകിയിട്ടുണ്ട്

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ (GO(MS) 84/2022/LSGD Dt 19.04.2022 (ഖ 8.6.3) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കീഴ്ള പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്ത തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രൊജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓരോവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Utilisation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൂടുമായി നല്കണം.

പ്രോജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല

2. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല

3. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവൃത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല

4. വികസന പദ്ധതികളിൽ പഞ്ചായത്ത് ഓരോവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

5. പ്രൊജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല. ആയതിനാൽ തുകയുടെ വിനിയോഗം ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം, വിശദമായ വിനിയോഗ സാക്ഷ്യപത്രം ഉൾപ്പടെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 2500000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻകയറി നം.03/11.11.2025- മറുപടി ലഭ്യമാക്കിയിട്ടില്ല)

1-29 സ്കൂളുകളിലേക്ക് ബെഞ്ചു ഡെസ്കും വാങ്ങൽ സ്റ്റോക്ക്. മറ്റ് അപാകതകൾ

നിർവ്വഹണം - ഹെഡ് മാസ്റ്റർ

പദ്ധതി - 331/23, സ്കൂളുകളിലേക്ക് ബെഞ്ചു ഡെസ്കും

അടങ്കൽ- 600000/-(രണ്ട് ലക്ഷം)

ചെലവ് - 391800 - ബിൽ വൗച്ചർ നം. 2240118?/15.03.2025

ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിലേക്ക് ടെണ്ടർ മുഖേന സിഡ്കോ, കാഡ്കോ എന്നിവയിൽ നിന്നും ചുവടെ പട്ടികയിൽ ചേർത്ത പ്രകാരം, ബെഞ്ചുകൾ ലഭ്യമാക്കിയതിന് 155000രൂപ SIDCOക്കും, ഡെസ്കുകൾ ലഭ്യമാക്കിയതിന് 336800 രൂപ KADCOക്കും ആണ് അനുവദിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ക്രമ നം	ഇൻവോയ്സ് നം; തുക, സ്ഥാപനം	ഇനം	എണ്ണം	ഒരെണ്ണം വില	കൈപ്പറ്റിയ സ്കൂളുകൾ
1	NRO 23-24/1084/18.03.2024 Rs 84200 KADCO കോഴിക്കോട്	Steel Plain Desk 150x40x75	25	3368	1) GMUPS ഹാർക്കാട്ട് - 70 എണ്ണം 2) GMUPS മുന്നിയൂർ - 26 എണ്ണം
2	NRO 23-24/1085/18.03.2024 Rs 84200 KADCO കോഴിക്കോട്		25		
3	NRO 23-24/1086/18.03.2024 Rs 84200 KADCO കോഴിക്കോട്		25		

4	NRO 23-24/1087/18.03.2024 Rs 84200 RADCO കോഴിക്കോട്		25		3) GLPS മൈലാടിപ്പുറം - 4
5	KKD/23-24/201/22.03.2024 Rs 135000 SDCO കോഴിക്കോട്	Steel Bench 180x30x45	100	2350	എണ്ണം GMUPS പാറക്കടവ് - 70 എണ്ണം 2) GMUPS മുന്നിയൂർ -26 എണ്ണം 3) GLPS മൈലാടിപ്പുറം - 4 എണ്ണം

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രൊക്യൂർമെന്റ് പ്ലാൻ പ്രകാരം ആവശ്യകത നിർണ്ണയിക്കുന്നതിലേക്കായി വിവിധ സ്കൂളുകളിൽ നിന്നും അവർക്കാവശ്യമായ ഇനങ്ങൾ എന്തൊക്കെയാണ് എന്നത് സംബന്ധിച്ച ആവശ്യകത കത്തുകൾ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട 4 സർക്കാർ സ്കൂളുകളും 7 എയ്ഡഡ് സ്കൂളുകളും ഉള്ളതായാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. എന്നാൽ മേൽ പ്രകാരം ബെഞ്ചും ഡെസ്കും വിതരണം ചെയ്തതിൽ, ഏതോ സ്കൂളിനും ഇത്ര എണ്ണം എന്ന് നിശ്ചയിച്ചത് എന്തടിസ്ഥാനത്തിലാണെന്നത് വ്യക്തമല്ല.

2) മേൽ ഇനങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥ സ്റ്റോക്കെടുത്ത് വിതരണം ചെയ്തിട്ടില്ല. സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

3) കൈപ്പറ്റിയ ഇനങ്ങൾ അതത് സ്കൂളുകളിൽ സ്റ്റോക്ക് രജിസ്റ്റർ ചേർത്ത് സ്റ്റോക്കിലെടുത്തതിന്റെ വിവരം ഇല്ല.

4) ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉപകരണങ്ങൾ നല്ല നിലവാരത്തിൽ തന്നെയാണ് ലഭ്യമായത് എന്നത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തലോ, സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തലോ ബില്ലിലോ ഇൻവോയ്സുകളിലോ ഇല്ല.

5) കേരള ഫിനാൻഷ്യൽ കോഡ് റൂൾ 140 മുതൽ 154 വരെ പ്രകാരം വാങ്ങുന്ന ഇനങ്ങൾ ലഭ്യമായി ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത ശേഷമാണ് തുക അനുവദിക്കാവുന്നത്. അതത് സ്കൂളുകളിൽ സ്റ്റോക്കിലെടുത്തോ എന്നത് ഉറപ്പ് വരുത്താതെ തുക അനുവദിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

6) ഫയലിൽ ഹാജരാക്കിയ ഇൻവോയ്സുകൾ പ്രകാരമുള്ള തുകകൾ അടവാക്കിയിട്ടുണ്ടെങ്കിലും ആയവ ഒന്നും തന്നെ കാൻസൽ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 04/11-11-1025ന് ഹെഡ്മാസ്റ്റർ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, വിതരണം ചെയ്ത ഫർണ്ണിച്ചറുകൾ അതത് സ്കൂളുകളിൽ പൂർണ്ണ രേഖപ്പെടുത്തലുകളോടെ സ്റ്റോക്കിലെടുത്തതിന്റെയും ആവശ്യകത നിർണ്ണയിച്ചതിന്റെയും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

1-30 ഡ്രൈനേജ് പ്രവൃത്തികളിൽ ബെഡ് കോൺക്രീറ്റിംഗിന് ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകി

ചുവടെ ചേർത്തിട്ടുള്ള ഡ്രൈനേജ് പ്രവൃത്തിയിൽ ബെഡ് കോൺക്രീറ്റിംഗിന് മോർഡ് സ്പെസിഫിക്കേഷനിലെ 11.4.1.1 പ്രകാരം ഫോം വർക്കുള്ള (സെന്റിംഗ് & ഷട്ടറിംഗ്) കോൺക്രീറ്റിംഗിന്റെ നിരക്കിലാണ് (7841.68 M² – DSR-2018, Cost Index @ 36.44%,) എസ്റ്റിമേറ്റ് തയ്യാറാക്കുകയും, മൂല്യ നിർണ്ണയം നടത്തി കരാറുകാർക്ക് തുക നൽകുകയും ചെയ്തിട്ടുള്ളത് എന്നാൽ പ്രസ്തുത പ്രവൃത്തികളിൽ ഡ്രൈനേജിന്റെ മുഴുവൻ ഭാഗത്തും കോൺക്രീറ് പ്രവൃത്തി ചെയ്തതിനാൽ ഫോം വർക്കിന്റെ ആവശ്യകതയില്ല. ഫോം വർക്ക് ഇല്ലാത്ത ഇനത്തിന് ഫോം വർക്ക് ഒഴിവാക്കിയുള്ള (4% കുറവ്ചെയ്യുള്ള) ഡിസേർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് (7540.07 M3) നൽകേണ്ടത്. തന്മൂ വർഷം ചെയ്തിട്ടുള്ള മറ്റ് ഡ്രൈനേജ് പ്രവൃത്തികളിലെല്ലാം ഇപ്രകാരം ഫോം വർക്ക് ഒഴിവാക്കിയുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. തെറ്റായി എസ്റ്റിമേറ് തയ്യാറാക്കുകയും മൂല്യ നിർണ്ണയം നടത്തുകയും ചെയ്ത് മൂലം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്	പൊറ്റമ്മൽ വെള്ളായിപ്പാടം റോഡ് ഡ്രൈനേജ് നിർമ്മാണം (216-25)
അടങ്കൽ ചെലവ്/ എസ്റ്റിമേറ്റ് നം	620000/333333/ സിഎച്ച് സി
ടി.എസ് നം/ തീയതി	11129/2022-2023-31.8.2022 DSR-2018, Cost Index-36.44%
കരാർ	15-AE/ MNR/2022-23 15.11.2022
എം ബുക്ക്	ഇ- എംബുക്ക്
വൗച്ചർ	XVFC/2024-25/P/96, 26.3.2025, 3220324
കരാറുകാരൻ	ശ്രീ. യു. മുഹമ്മദ് മുസ്തഫ
അധിക ചെലവിന്റെ വിവരം	

നൽകിയ തുക	നൽകാവുന്ന തുക	അധികം
35302.88-(4.50%* 1841.60)	33945.39-(4.50%* 1540.07)	1337.49+ 18% GST= 1602

അധികം നൽകിയ 1602 രൂപ മേൽ കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/2024-25/17.11.2025 ന് അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-31 ഡ്രൈനേജ് പ്രവൃത്തികളിൽ മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ ഡ്രൈനേജ് പ്രവൃത്തികൾക്ക് വേണ്ടി ശരാശരി 1 മീറ്റർ വീതിയിലും ശരാശരി 0.8 മീറ്റർ ആഴത്തിലുമായി മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. ചെറിയ നിർമ്മാണ പ്രവൃത്തികളിൽ DSR Code 2.8.1 Specification പ്രകാരമുള്ള നിരക്കാണ് ഇത്തരത്തിൽ മണ്ണ് നീക്കം ചെയ്യുന്നതിന് അനുവദിക്കുന്നത്. റോഡ് പ്രവൃത്തികൾ MoRD Specification പ്രകാരമാണ് ചെയ്യേണ്ടതെന്നതിനാൽ ഇവിടെ DSR Code 2.8.1 നിന്റെ Observed Date (Hydraulic Excavator) തയ്യാറാക്കി നിരക്ക് അനുവദിക്കാവുന്നതാണ്.

Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ മെക്കാനിക്കൽ ആയി തന്നെ പ്രവൃത്തികളിൽ മണ്ണ് നീക്കം ചെയ്യാവുന്നതാണ് എന്നിരിക്കെ പ്രവൃത്തികളിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. പ്രവൃത്തികളെല്ലാം 3 മീറ്റർ വരെ വീതിയുള്ള റോഡുകളാണെന്ന് ആസ്തി രജിസ്റ്ററിൽ (Digital) നിന്നും വ്യക്തമാകുന്നു. ഇപ്രകാരം മാനുവൽ നിരക്ക് അനുവദിച്ചതിനാൽ പ്രവൃത്തികളിൽ അധികചെലവ് വരാനിടയായിട്ടുണ്ട്. മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി അധിക നിരക്ക് അനുവദിച്ചതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര്	മണ്ണ് നീക്കം ചെയ്ത അളവ്	അനുവദിച്ച നിരക്ക്	അനുവദിച്ച തുക
കാട്ടുവാച്ചിറ റോഡ് ഡ്രൈനേജ്, വാർഡ്-14 പ്രോജക്ട് നം 398/24 TS- 22 ലക്ഷം ടി.എസ്. നം 77166/2023-24/19.12.2025 ചെലവ് തുക-2179193 കരാറുകാരൻ- ശ്രീ ഇ.കെ. അബ്ദുൽ അസീസ് എഗ്രിമെന്റ്-63/15.3.2024 വൗച്ചർ നം XVFC/2024-25/P/27, 10.1.2025– 1039491/- XVFC/2024-25/P/30, 21.1.2025 – 109193/- XVFC/2024-25/P/11, 11.11.2024, – 451513/- XVFC/2024-25/P/11, 11.11.2024, – 451513/-	285.882m^3	360.75/ M^2 (കരാറുകാരൻ കാട്ടി ചെയ്ത 339 M^2 ൽ ലിമിറ്റ് ചെയ്ത് നൽകി)	99960.70
പാറക്കടവ് പട്ടിയ്ക്കോരി റോഡ് ഡ്രൈനേജ്, വാർഡ്-11 പ്രോജക്ട് നം 73/24 TS-7 ലക്ഷം ടി.എസ്. നം 90925/2023-24/11.1.2024 ചെലവ് തുക-692297 കരാറുകാരൻ-ശ്രീ. സുരേന്ദ്രൻ. എം എഗ്രിമെന്റ്-32/16.3. 2024 വൗച്ചർ നം XVFC/2024-25/P/3, 19.7.2024 – 630600/- XVFC/2024-25/P/8, 30.7.2024 – 38829/-	79.269m^3	360.75/M^3 (കരാറുകാരൻ കാട്ടി ചെയ്ത 355.75/ M^{3}ൽ ലിമിറ്റ് ചെയ്ത് നൽകി)	28199.85

ചക്കാലക്കൽ പള്ളിയാശ്ശേരി ഡൈവേർഷൻ വാർഡ്-06 പ്രോജക്ട് നം.249/25 TS-7 ലക്ഷ്യം ടി.എസ് നം 99083/2023-24/29.1.2024 ചെലവ് തുക-5812086 കരാറുകാരൻ- ശ്രീ. ഇ കെ അബ്ദുൽ അസീസ് എഗ്രിമെന്റ്-21/11.12.2024 വൗച്ചർ നം. XVFC/2024-25/P/79, 19.3.2025 – 483841/- XVFC/2024-25/P/97, 26.3.2025– 67661/-	82.243m³	360.75/M³ (കരാറുകാരൻ കുറ്റ് ചെയ്ത 396/M² എന്ന നിരക്കിലാണ് നൽകിയത്)	32468.23

മെക്കാനിക്കൽ തായി മണ്ണ് നീക്കം ചെയ്യുന്നതിന് സൗകര്യമുണ്ടായിരിക്കെ മാന്വലായി മണ്ണ് നീക്കം ചെയ്യുന്ന നിരക്ക് അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 11/2024-25/17.11.2025 നുള്ള മറുപടിയിൽ മേൽ പ്രവൃത്തികളിൽ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറിൽ നിന്നും ലഭിച്ച നിർദ്ദേശ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്നും 2025-26 വർഷത്തിൽ DSR Code 2.8.1 നിന്നെ ഒഴിവാക്കി ഡാറ്റ പ്രകാരമുള്ള നിരക്കാണ് നൽകി വരുന്നതെന്നും അറിയിച്ചിട്ടുണ്ട്.

മേലിൽ ഇത്തരം അധികച്ചെലവുകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

1-32 എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ചുവടെ കാണിച്ച പ്രവൃത്തിക്ക് റോഡ് പ്രവൃത്തികൾക്ക് ബാധകമായ 10% ഓവർ ഹെഡ് ചാർജ് നൽകി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. വാർഡ്-18 ലെ കൊളക്കാട്ടിൽ തോട് നവീകരണമാണ് ഇവിടെ ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ലാത്തതിനാൽ 5% ഓവർ ഹെഡ് ചാർജ് നൽകി DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് കാരണം പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

പ്രവൃത്തി	ഇനം, അളവ്	നൽകിയ തുക	നൽകാവുന്ന തുക	അധികം
കൊളക്കാട്ടിൽ തോട് വാർഡ്-18 (82/25) ടി.എസ്-10 ലക്ഷ്യം ടി.എസ് നം-26665/2024-25 28.10.2024	എർത്ത് വർക്ക് എസ്കവേഷൻ 41.263 M3 (3.5.2)	2704.83 @ 64.45/M³ (കുറ്റ് ചെയ്ത- 8430)	12629.87/- @298.84/M³ DSR കോഡ് 2.8.1 പ്രകാരം നൽകാവുന്ന നിരക്ക്	(-)9925.04
ഫണ്ട് - CFC ചെലവ് തുക-993581 കരാറുകാരൻ ശ്രീ. വിനോജ് എം. എഗ്രിമെന്റ്- 29/2024-25 AE/MNR, 13.1.2025 വൗച്ചർ നമ്പർ- XVFC/2023-24/P/97, തീ-22.3.2025 , 900000/- വൗച്ചർ നമ്പർ- XVFC/2023-24/P/92, തീ-25.3.2025, 39899/-	ഡ്രൈറബിൾ മേസനറി 211.202 M³	772999.32/- @ 3660.07/M3 (കുറ്റ് ചെയ്ത്- 3660/ M³)	742028.65 @3513.36/M³ കോഡ് 60.7.1 പ്രകാരം നൽകാവുന്ന നിരക്ക്	30970.67
സിമന്റ് കോൺക്രീറ്റ് 7.291 M³	63008.82 @8641.72/M³ (കുറ്റ് ചെയ്ത- 8642 M³)	58626.49 @8040.84/M³ DSR കോഡ് 4.1.3 പ്രകാരം നൽകാവുന്ന നിരക്ക്	4382.33
അളവ് പുസ്തകം -ഇ എം ബുക്ക് DSR 2018 (കോസ്റ്റ് ഇൻഡക്സ് 36.44%)	ഉത്ഖനനം 145.81*0.10= 14.581 M²		@337.42/M² DSR കോഡ് 4.3.1 പ്രകാരം നൽകാവുന്ന നിരക്ക്	(-) 4919.92

ജിഎസ്ടി 2.5%:- 9146420-21.11.25				20508.04
18% GST തുക അടക്കാം				24199/-

അധിക തുക 24199 രൂപ തിരിക്കെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഈടാക്കാതിരിക്കാൻ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ- 12/2024-25/17.11.2025 ന് അധികം നൽകിയ 24199 /- കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കുന്നത് വരെ 24199 രൂപ തെറ്റായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറുടെയും സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ബാധ്യതയായി കണക്കാക്കുന്നു.

1-33. ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല- ചെലവ് തുക തടയും ചെയ്യുന്നു.

2024-25 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾക്ക് ആധാരമായ ചെലവ് രേഖകൾ (ബിൽ, അനുബന്ധ രേഖകൾ) എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല രേഖകൾ ലഭ്യമാണെങ്കിൽ അത് പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ- 44/2024-25/19.11.25 ന് മറുപടി ലഭ്യമാക്കുകയോ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്	ചെലവ് തുക	ബിൽ റഫറൻസ് നം
വിവാഹ ധനസഹായം (എസ് സി) (S.O) പ്രോജക്ട് നം.183/25 അടങ്കൽ-125000/- ഫണ്ട്- പ്ലാൻ (എസ് സി.പി.)	1,25,000	24150652026000196974/ 11.6.2024
എസ് സി വിദ്യാർഥികൾക്ക് പഠനമുറി (S.O) പ്രോജക്ട് നം.169/25 അടങ്കൽ-150000/- ഫണ്ട്- പ്ലാൻ (എസ് സി.പി.)	1,50,000	24150652026000197003/ 11.6.2024, 75000/- 24150652026000196999/ 11.6.2024, 75000/-
ആകെ	2,75,000	

മേൽ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, ചട്ടം- 11(1) പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ചെലവ് രേഖകളുടെ അഭാവത്തിൽ 275000 രൂപ ഓഡിറ്റിൽ തടയും ചെയ്യുന്നു.

1-34. റോഡ് കണക്ടിവിറ്റി മാപ്പ്- പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രോജക്ട് - റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ

പ്രോജക്ട് നം. 214/25

അടങ്കൽ- 70000/-

ചെലവ്--35000/-

മേൽ പ്രോജക്ട് പ്രകാരം R- TRACK APP വഴി ഗ്രാമ പഞ്ചായത്തിലെ റോഡുകളുടെ വിവര ശേഖരണം നടത്തി വാർഡടിസ്ഥാനത്തിൽ റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കുകയും ആയത് എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് എല്ലാ റോഡുകളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയ ശേഷം ഭരണ സമിതി അംഗീകരിച്ച് ആയതിന്റെയടിസ്ഥാനത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുകയും വേണം.

മേൽ പ്രോജക്ട് പ്രകാരം ശ്രീ. മുജീബ് കറുപ്പൻകണ്ടി, ശ്രീ. മുഹമ്മദ് ഷെയിം എന്നിവർക്ക് 17500 രൂപ വീതം ആകെ 35000/- രൂപ നൽകിയിട്ടുണ്ട് (EBV- 24150652033300600272/ 30.8.2024). എന്നാൽ വാർഡടിസ്ഥാനത്തിൽ റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കി പരിശോധിച്ച് അംഗീകരിച്ചതിന്റെ വിവരവും പദ്ധതിയുടെ പൂർത്തീകരണ വിവരവും ലഭ്യമാക്കിയില്ല ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ- 22/2024-25/19.11.2025 ന് ഗ്രാമ പഞ്ചായത്തിലെ റോഡുകളുടെ വിവര ശേഖരണം നടത്തുകയും 333 റോഡുകൾ R-TRACK APP വഴി വെരിഫിക്കേഷൻ പൂർത്തീകരിച്ച് ആയത് ഭരണ സമിതി അംഗീകരിച്ചുവെന്നും പിന്നീട് വിട്ട് പോയ റോഡുകളെ കൂടി കൂട്ടിച്ചേർക്കാനുള്ള തീരുമാന പ്രകാരം ആയത് കൂട്ടിച്ചേർക്കുകയും മൊത്തം 453 റോഡുകൾ കണ്ടെത്തി വിവരം ശേഖരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. സർവ്വെ പൂർത്തീകരിച്ച് ഭരണ സമിതി അംഗീകരിച്ച ശേഷം മാത്രമേ ഫുൾ പെയ്മെന്റ് നൽകുകയുള്ളുവെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

വാർഡടിസ്ഥാനത്തിൽ റോഡുകളുടെ മുഴുവൻ വിവരവും App ൽ ശേഖരിച്ച് ലഭ്യമാക്കി ഭരണസമിതി അംഗീകരിച്ച് പ്രോജക്ട് പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

1-35 അസിസ്റ്റന്റ് സെക്രട്ടറി കൃാഷ് ബുക്ക്, പ്രൊജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കൃാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നമ്പർ ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസി. സെക്രട്ടറിയുടെ വരവ്- ചെലവുകൾ പരിശോധിച്ചതിൽ നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നില്ലെന്ന് കണ്ടു. അസി സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതി, ഫണ്ട് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്ന പ്രൊജക്ട് രജിസ്റ്ററും സൂക്ഷിക്കുന്നില്ല.

നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്കും പ്രൊജക്ട് രജിസ്റ്ററും എഴുതി സൂക്ഷിക്കാത്തതിന് വിശദീകരണം ആരാഞ്ഞ് കൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറി 20/24-25/17.11.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശ പ്രകാരമുള്ള രേഖകൾ രജിസ്റ്ററുകൾ ക്രമ പ്രകാരം സൂക്ഷിക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-36 പഠനമുറി നിർമ്മാണം - അപാകതകൾ

ജി.ഒ. (സാധാ) നം. 73/2023 ത.സ്വ.ഭ.വ. തീ-23.3.2023 പ്രകാരം പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്നതിലുള്ള മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് പരമാവധി 2 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പ്രോജക്ടുകൾ എല്ലാ തലങ്ങളിലുമുള്ള തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് എറ്റെടുക്കാവുന്നതാണ്. മേൽ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ/ എയ്ഡഡ്/ സ്പെഷ്യൽ/ ടെക്നിക്കൽ/ കേന്ദ്രീയ വിദ്യാലയങ്ങളിൽ 5 മുതൽ 12 ാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകാവുന്നത്.

2. പഠന മുറിക്ക് 100 ച അടിയിൽ കുറയാത്ത വിസ്തൃതി വേണം.

3. എഗ്രിമെന്റ് വെച്ച ശേഷം 30000 രൂപ മുൻകൂറായി നൽകാം. ബേസ്മെന്റ് പൂർത്തിയാകുമ്പോൾ 60000 രൂപ, മേൽക്കൂര പൂർത്തിയാകുമ്പോൾ 80000 രൂപ, പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ്, വൈറ്റ് വാഷ് എന്നിവ പൂർത്തിയാകുമ്പോൾ 30000 രൂപ എന്നിങ്ങനെ മറ്റ് ഗഡുക്കളും അനുവദിക്കാം. പ്രാരംഭ ഘട്ടത്തിലും പൂർത്തീകരണ ഘട്ടത്തിലുമായി വാലിഡേഷൻ പരിമിതപ്പെടുത്തിയിട്ടുമുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ചുവടെ ചേർത്തിട്ടുള്ള പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്.

ക്രമ നമ്പർ	പ്രോജക്ട്	ചെലവ് തുക	ബിൽ നം.
1	എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി, (3 D) പ്രോജക്ട് നമ്പർ- 183/25 (സ്പിൽഓവർ) അടങ്കൽ-1600000 ഫണ്ട്- പ്ലാൻ എസ് സി.ഡി.പി.-1295400, പ്ലാൻ ജനറൽ- 200000, തനത്- 101600	300000	231506520260012557 91 31.1.2025, 120000/- 231506520260010447 32 16.12.2024, 30000/- 231506520260011977 14 20.1.2025, 60000/- 231506520260011306 26 4.1.2025, 30000/- 231506520260015496 24 23.5.2024, 60000/-

മേൽ പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് ചുവടെ ചേർത്തിട്ടുള്ള കാര്യങ്ങളിൽ രേഖകൾ/ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻകൃയറി നമ്പർ 21/2024-25/18-11-25 നൽകിയിരുന്നു.

1. മേൽ ബിൽ പ്രകാരം ശ്രീമതി. ഷൈജിത.വി, ശ്രീ. വേലായുധൻ .പി, ശ്രീ. സുബ്രമണ്യൻ. എന്നിവർക്ക് ഒന്നാം ഗഡുവായി 30000 രൂപ വീതവും രണ്ടാം ഗഡുവായി 60000 രൂപ വീതവുമായി ആകെ 270000 (ഒരാൾക്ക് 90000 രൂപ) ധനസഹായം നൽകി.

എഗ്രിമെന്റ് പ്രകാരം 6 മാസത്തിനകം പഠനമുറി നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ നിർമ്മാണം പൂർത്തീകരിക്കുകയോ തുടർന്നുള്ള 3, 4 ഗഡുക്കൾ കൈപറ്റുകയോ ചെയ്തിട്ടില്ല. ടി-ഗുണഭോക്താക്കളുടെ പഠനമുറി പൂർത്തീകരണ വിവരം ലഭ്യമല്ല.

2. ശ്രീ. അഭിലാഷ് കുമാർ എന്ന ഗുണഭോക്താവ് 30000 രൂപയുടെ ധനസഹായം കൈപറ്റിയിട്ടുണ്ട്. എന്നാൽ തുടർന്നുള്ള ഗഡുക്കൾ അനുവദിച്ചിട്ടില്ല. പ്രസ്തുത ഗുണഭോക്താവിന്റെ മകൻ ശ്രീ. അലൻ ആൽഫിൻ എന്ന കുട്ടി ഒന്നാം ക്ലാസ് വിദ്യാർത്ഥിയാണെന്ന് വെള്ളിമുക്ക് വിളക്ക പള്ളി എ എം യു പി എസ് ഹെഡ്മാസ്റ്റർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ കാണുന്നു. 5 മുതൽ 12ം ക്ലാസ് വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന

കുട്ടികൾക്കാണ് പഠനമുറി അനുവദിക്കേണ്ടതെന്ന് സർക്കാർ ഉത്തരവിൽ നിന്നും വ്യക്തമാണ്. ഒന്നാം ക്ലാസ് കുട്ടിക്ക് ധനസഹായം അനുവദിക്കാനുണ്ടായ കാരണം വ്യക്തമല്ല.

ഇത് സംബന്ധിച്ച് ലഭ്യമാക്കിയ മറുപടിയിൽ 1)ശ്രീമതി ഷൈജിത.വി, ശ്രീ. വേലായുധൻ .പി, ശ്രീ. സുബ്രമണ്യൻ, എന്നിവർക്ക് മൂന്നാം ഗഡു 30000 രൂപ വീതം ബി.ആർ.എൻ. 25150652026000209613 13.6.2025 , 25150652026000239973 23.6.2025 എന്നിവ പ്രകാരം നൽകിയതായി അറിയിച്ചു. മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലെത്തിയിട്ടുണ്ടെന്നും അസി. സെക്രട്ടറി മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് മൂല്യ നിർണ്ണയം നടത്തി ഫൈനൽ ബിൽ നൽകി വിവരം അറിയിക്കേണ്ടതാണ്.

2)ശ്രീ.അഭിലാഷ് കുമാർ എന്ന ഗുണഭോക്താവിന് 30000 രൂപ നൽകിയതിന് കോർഡിനേഷൻ കമ്മിറ്റിയിലേക്ക് സാധൂകരണ പ്രപ്പോസൽ നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ഇത് സംബന്ധിച്ച് രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഉത്തരവിന് വിരുദ്ധമായി 30000 രൂപ ചെലവ് ചെയ്തിന് സർക്കാരിൽ നിന്നും സാധൂകരണ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അനർഹമായ ചെലവ് തുക തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

തുടർ നടപടി വിവരം പ്രഥമ മറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

I-37. ലൈബ്രറി കൗൺസിലിന്റെ അംഗീകാരമില്ലാത്ത വായനശാലകൾക്ക് പത്രം വിതരണം ചെയ്യു

വിവിധ വായനശാലകൾക്ക് പത്രം വിതരണം ചെയ്യ ഇനത്തിൽ താഴെ പറയും പ്രകാരം തുക സെക്രട്ടറി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

ക്രമനം	വൗച്ചർ നം. / തീയ്യതി	ചെലവഴിച്ച തുക
1	22400089/13.05.2024	39300 രൂപ
2	22400093/14.05.2024	28080 രൂപ
3	22400349/14.11.2024	7800 രൂപ
4	22401015/04.02.2025	10920 രൂപ
5	22401016/04.02.2025	26390 രൂപ
6	22401092/20.02.2025	10492 രൂപ
7	22401273/11.03.2025	3180 രൂപ
8	22401275/11.03.2025	1590 രൂപ
9	22401276/23.03.2025	3180 രൂപ
ആകെ		132922 രൂപ

വിശദാംശങ്ങൾ പരിശോധിച്ചതിൽ, ക്രമ നം. 1 വൗച്ചർ ചെലവിൽ നിന്നും 3120 രൂപയും ക്രമ നം.5 വൗച്ചറിൽ നിന്ന് 3120 രൂപയും ആകെ 6240 രൂപ ഗ്രാമപഞ്ചായത്ത് ഓഫീസിൽ പത്രം നൽകിയതിന് ചെലവാക്കിയത് ഒഴികെ ബാക്കി 126682 രൂപയും ചെലവഴിച്ച് താഴെ പറയുന്ന വായനശാലകൾക്ക് ദിനപത്രങ്ങൾ വിതരണം ചെയ്തതിനാണ്.

ക്രമ നം	വായനശാലയുടെ പേര്	നൽകിയ പത്രങ്ങളുടെ എണ്ണം	കാലയളവ്
1	വൈക്കത്തുപാടം വായനശാല	3 (ഒന്ന് ഇംഗ്ലീഷ്)	09/2023-08/2024
2	പടിക്കൽ വായനശാല	3	09/2023-08/2024
3	തൂലിക തലപ്പുറ വായനശാല	3	09/2023-08/2024
4	കാളൂർ വായനശാല	3	09/2023-08/2024
5	നവവീഥി പുത്തൂർ വായനശാല	3	09/2023-08/2024
6	മണ്ണി സ്മാരക വായനശാല	3	09/2023-08/2024
7	എണ്ണിക്കുട്ടി സ്മാരക വായനശാല	3(ഒന്ന് ഇംഗ്ലീഷ്)	09/2023-08/2024
8	കണ്ണിയത്ത് ഉസ്മാൻ വായനശാല	2	04/2024-03/2025
9	കളംകാവ് ആർട്ട്സ് & സ്പോർട്ട്സ് വായനശാല	2	04/2024-03/2025
10	ഗാലക്സി വായനശാല	2	04/2024-03/2025
11	കോട്ടുമല അബൂബക്കർ മുസ്ലിയാർ വായനശാല	3	04/2024-03/2025
12	പ്ലായേഴ്സ് സെന്റർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	1	01/2024-12/2024
13	BMS സ്മാരക വായനശാലഃലൈബ്രറി	2	01/2024-12/2024
14	സരസ്വതിയാർ ഗ്രന്ഥശാല വെള്ളിമുക്ക്	2	01/2024-12/2024
15	സമന്വയ വായനശാല വെള്ളിമുക്ക്	2	03/2024-12/2024
16	ഭാവന വായനശാല വെള്ളിമുക്ക്	2	03/2024-12/2024

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) സ.ഉ(സാധാ)നം. 1040/2023/ LSGD തീ. 15.05.2023 പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്കാണ് ഇപ്രകാരം പത്രങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും വാങ്ങി നൽകാവുന്നത്. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള സി ഡേറ്റും

അതിനുമുകളിലുമുള്ള ലൈബ്രറികൾക്ക് മൂന്ന് ദിനപത്രങ്ങൾ വീതവും, 'സി' ഗ്രേഡിനു താഴെയുള്ള ലൈബ്രറികൾക്ക് രണ്ട് ദിനപത്രങ്ങൾ വീതവും മാത്രമാണ് മേൽ ഉത്തരവ് പ്രകാരം നൽകാനാവുക. മേൽ സ്ഥാപനങ്ങൾക്ക് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിച്ചതിന്റെ പുതുക്കിയതിന്റെ വിവരം രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(2) ഗ്രേഡ് അടിസ്ഥാനത്തിൽ പരമാവധി 3 എണ്ണം മാത്രമാണ് അനുവദിക്കാവുന്നത് എന്നാൽ 3 വരെ എണ്ണം പത്രങ്ങൾ അനുവദിച്ച വായനശാലകളുണ്ട്. വായനശാലകളുടെ ലൈബ്രറികളുടെ ഗ്രേഡ് പരിശോധിച്ച ശേഷമാണോ പത്രങ്ങൾ അനുവദിച്ചത് എന്നത് വ്യക്തമാക്കേണ്ടതാണ്.

(2) സ.ഉ(സാധാ)നം. 1040/2023/ LSGD തീ. 15.05.2023 ഉത്തരവിന് 15.05.2023 മുതൽ പ്രാബല്യമുള്ളതിനാൽ, ഇത് സംബന്ധിച്ച രജിസ്റ്റർ പ്രകാരം 15.05.2023ന് മുൻപ് മുതൽ പത്രങ്ങൾ വാങ്ങി നൽകിയിട്ടുണ്ട് കാരണം വ്യക്തമാക്കേണ്ടതാണ്.

(3) പത്ര ഏജന്റുമാർക്ക് മേൽ വരുത്തുകൾ പ്രകാരം തുക അനുവദിച്ചിട്ടുണ്ടെങ്കിലും, ഫയലിൽ ഹാജരാക്കിയ, തുക അനുവദിക്കപ്പെട്ട ഇൻവോയ്സുകൾ ഒന്നും തന്നെ കാൻസൽ ചെയ്തിട്ടില്ല.

(4) വായനശാലകൾ അവർക്ക് പത്രം അനുവദിക്കണം എന്നാവശ്യപ്പെട്ട് കൊണ്ട് അവരുടെ അംഗീകാര സാക്ഷ്യപത്രം സഹിതം ഗ്രാമപഞ്ചായത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം.10/15.11.2023ന് മറുപടി ലഭ്യമാക്കുകയോ വായനശാലകളുടെ അംഗീകാരം സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും വായനശാലകളുടെ ലൈബ്രറി കൗൺസിൽ അംഗീകാരം സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 126632 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1.38 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക അടവാക്കൽ- വിനിയോഗ വിവരം ലഭ്യമായില്ല,മറ് അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതികൾ പ്രകാരം, ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

ക്രമ നം	പ്രോജക്റ്റിന്റെ പേര്, നം	ബിൽ/വൗച്ചർ നം. തീയതി	നൽകിയ തുക, എങ്ങ്	സ്ഥാപനം
1	178/25 വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ	2415065200770016759209/05/2024	Rs 18136 പ്രാൻ എങ്ങ്	KSEB
2	300/25 മുട്ടിച്ചിറ ഉമ്മാത്തൻ കണ്ടി വരെ PWD റോഡ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ	2415065200770167220824/03/2025	Rs 150000 പ്രാൻ എങ്ങ്	KSEB
3	354/25 ആയുർവ്വേദ ആശുപത്രി വൈദ്യുത ലൈൻ മാറ്റൽ കെ.എസ്.ഇ.ബി-ക്ക് തുക അടവാക്കൽ	22401318/27/03/2025	Rs 50000 തനത് എങ്ങ്	KSEB
4	153/25 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 19	22401341/29/03/2025	Rs 285362 തനത് എങ്ങ്	KSEB
5	164/25 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ	(A) 22400645/29.11.2024 Rs 477083. (B) 22401331/28.03.2025 Rs 200000.	Rs 677083 തനത് എങ്ങ്	KSEB
6	314/25 മുള്ളൻകുഴി പമ്പ് ഹൗസ് റോഡ് തുക ഇറിഗേഷന് അടവാക്കൽ	22401330/28.03.2025 Rs. 800000	Rs 800000 തനത് എങ്ങ്	ചെറുകിട ജലസേചന വിഭാഗം-മലപ്പുറം
7	387/25 സി.സി.ടി.വി പുനർസ്ഥാപിക്കൽ കൗം	22400768/06.01.2025 Rs. 500000	Rs 500000 തനത് എങ്ങ്	PWD ഇലക്ട്രോണിക്സ് സബ്ഡിവിഷൻ പാലക്കാട്
8	381/2025 – അംഗനവാടി നിർമ്മാണം വിഹിതം കൈമാറൽ	2415065200770150807212.03.25 Rs. 500000	Rs 500000 തനത് എങ്ങ്	MGNREGA സ്റ്റേറ്റ് മിഷൻ
ആകെ			3186581	

ഇത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി മാർഗ്ഗരേഖ സംബന്ധിച്ച് (കൈ)നം.84/2022 തസ്വഭവ തീ 19.04.2022 ഖണ്ഡിക 12.2 (5(ഡി) (iii) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ബന്ധപ്പെട്ട എജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമെ മുൻകൂറായി തുക നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ പട്ടികയിലെ ക്രമ നം 1 മുതൽ 5വരെ പ്രവൃത്തികളുടെ കാര്യത്തിൽ അപ്രകാരം കെ എസ് ഇ ബിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല ആയത് ലഭ്യമാക്കേണ്ടതാണ്.

2) മേൽ ഉത്തരവിലെ ഖണ്ഡിക 12.2 (5(ഡി) (iv) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ് ആയതിന് സ്വീകരിച്ച നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3) പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം/വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നം.08/15.11.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പട്ടികയിലെ ക്രമ നം. 3 ഡെപ്പോസിറ്റ് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻകുയറി നം.31/18.11.2025ന് ബന്ധപ്പെട്ട സെക്ഷൻ ലഭ്യമാക്കിയ മറുപടി പ്രകാരം കെട്ടിട പണി പൂർത്തീകരിച്ച് ബില്ല് നൽകിയിട്ടില്ല എന്നും, വിനിയോഗ വിവരം ലഭ്യമാക്കി സമർപ്പിക്കുന്നതാണ് എന്നും അറിയിച്ചു. പദ്ധതികൾ പൂർത്തീകരിച്ചതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 3160531 രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു.

1.12 മുൻകൂർ തുക അനുവദിച്ചു-കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായില്ല, മറ്റ് അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതികൾ പ്രകാരം ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

ക്രമ നം	പദ്ധതി വിവരം	ചെലവ്/ വൗച്ചർ വിവരം	ഉപകരണം, ഇൻവോയ്സ്, സ്ഥാപനം
1	305/25 പഞ്ചായത്ത് ഓഫീസിന് കംപ്യൂട്ടർ പ്രിന്റർ അടങ്കൽ - 64012 തനത് ഫണ്ട് ചെലവ്: 62733	(A) 22400692 20.12.2024 Rs. 38741	കെൽട്രോൺ (പ്രഫോമ ഇൻവോയ്സ് നം. 55482/13.11.24 Rs. 38741. ഡെസ്ക്ടോപ്പ് കംപ്യൂട്ടർ-i3,8GB,512 SSD, 19.5" Monitor-5Yr വാറണ്ട്. (ഒരെണ്ണം)
		(B) 22401389 30.03.2025 Rs. 23994	KVR സിസ്റ്റംസ് കോഴിക്കോട്-അഞ്ച് വഴി വാങ്ങൽ - CLT B2B24-25-0747/25.03.25 Canon Image Class LBP112DW-WDFA 203068 (പ്രിന്റർ ഒരെണ്ണം)
2	348/25 പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ. അടങ്കൽ - 100000 തനത് ഫണ്ട് ചെലവ്: 73046	(A) 22401226 17.03.2025 Rs. 51283	കെൽട്രോൺ പ്രഫോമ ഇൻവോയ്സ് നം. 5639/10.03.25 Rs. 51283. ഡെസ്ക്ടോപ്പ് കംപ്യൂട്ടർ-i3,8GB,512 SSD, 19.5" Monitor-5Yr വാറണ്ട്. (ഒരെണ്ണം)
		(B) 22401379 30.03.2025 Rs. 21763	ഡിജിടെക് ഇലക്ട്രോണിക് സിസ്റ്റംസ് പ്രൈ.ലി. കോഴിക്കോട്-അഞ്ച് വഴി വാങ്ങൽ - 10730/11.03.25 Acer Monitor 4 എണ്ണം)

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

(1) ഡെസ്ക് ടോപ്പ് കംപ്യൂട്ടർ ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി മിഷന് (കെൽട്രോണിന്) അക്കൗണ്ട് നമ്പർ 39911140000359ലേക്ക് ആണ് പട്ടികയിലെ ക്രമ നം. 1(A), 2(A) എന്നിവ പ്രകാരമുള്ള ബിൽ വൗച്ചറുകൾ പ്രകാരമുള്ള 38741+ 51283 = 90024 രൂപ അനുവദിച്ചിട്ടുള്ളത്. മേൽ രണ്ട് കംപ്യൂട്ടറുകളും ലഭ്യമായതിന്റെ ഇൻവോയ്സുകളോ ഡെലിവറി ചലാനോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

വർക്ക് ഓർഡർ നൽകി 45 ദിവസത്തിനകം വിതരണം നടത്തുന്നതായാണ് പ്രഫോമ ഇൻവോയ്സിൽ കെൽട്രോൺ വ്യക്തമാക്കിയിരുന്നത്. എന്നാൽ തുക അനുവദിച്ച് ഒരു വർഷത്തോളമായിട്ടും നാളിതുവരെ മേൽ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. ആയവ ലഭ്യമാക്കുന്നതിനോ തുക തിരികെ ഈടാക്കുന്നതിനോ സ്വീകരിച്ച നടപടി വിവരവും സപ്ലൈ ഓർഡർ വിവരവും ലഭ്യമാക്കേണ്ടതും അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

2) മേൽ രണ്ട് പദ്ധതികൾ പ്രഫോമ ഇൻവോയ്സുകൾ പ്രകാരമുള്ള കംപ്യൂട്ടറുകളും ഒരേ ഹാർഡ്വേർ കോൺഫിഗറേഷൻ ഉള്ളവയാണ്. ക്രമ നം.2 ന് 51283-38741=12542 രൂപ അധികം നൽകിയിട്ടുണ്ട്. ക്രമ നം.1 പ്രകാരമുള്ള കംപ്യൂട്ടർ വിൻഡോസ് 11 ഹോം, ക്രമ നം. 2 പ്രകാരമുള്ളത് വിൻഡോസ് 11പ്രോ എന്നിങ്ങനെയാണ് കോൺഫറേൻസിംഗ് സിസ്റ്റം. വില നിലവാരം പരിശോധിച്ച് വിൻഡോസ് 11പ്രോ എന്ന നിലക്കാണ് ക്രമനം നം.2 കംപ്യൂട്ടറിന് 12542 രൂപ അധികം നൽകിയത് എങ്കിൽ മേൽ തരം ഓപ്പറേറ്റിംഗ് സിസ്റ്റം ഏത് സെക്ഷനിലേക്ക് എന്ത് ആവശ്യകത നിർണ്ണയിച്ചാണ് വാങ്ങിയത് എന്നത് വ്യക്തമാക്കേണ്ടതാണ്.

3) പട്ടികയിലെ ക്രമ നം. 1(B), 2(B) എന്നിവ പ്രകാരമുള്ള ഉപകരണങ്ങൾ ലഭ്യമായത് സ്റ്റോക്ക് നമ്പറും വാറണ്ടി വിശദാംശങ്ങളും ചേർത്ത് സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതും, 2(B) പ്രകാരമുള്ള 4

എണ്ണം മോണിറ്ററുകൾ എത്ത് കംപ്യൂട്ടറിന്റെ കൂടെയാണ് സ്ഥാപിച്ചത് എന്നും പഴയ മോണിറ്ററുകൾ നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് സ്റ്റോക്കിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ എന്നതുൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4) ഇൻവോയ്സ്/ഒഎം കോണ്ടാക്ട് പ്രകാരമുള്ള സ്പെസിഫിക്കേഷനോടെ കൂടിയ ഉപകരണങ്ങൾ തന്നെയാണ് വിതരണം ചെയ്ത് കൈപ്പറ്റിയത് എന്നത് നിർവ്വഹണ ഉദ്യോഗസ്ഥനോ മറ്റോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5) ഇൻവോയ്സുകളിൽ സ്റ്റോക്ക് സാക്ഷ്യപത്രം രേഖപ്പെടുത്തുകയോ ഇൻവോയ്സുകൾ കാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ല.

ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി, കാരോ ഉപകരണങ്ങൾക്കും പ്രത്യേകം പേജ് അനുവദിച്ച് സ്റ്റോക്ക് നമ്പർ, ബിൽ വൗച്ചർ, മോഡൽ സീരിയൽ നമ്പർ, വില, വാറണ്ടി തുടങ്ങിയ വിവരങ്ങൾ ചേർത്ത് സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും സ്റ്റോക്ക് എൻട്രി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ് ആയതിന് ശേഷമാണ് വിതരണക്കാരന് പണം അനുവദിക്കാവുന്നത് കേടാവുന്ന ഉപകരണങ്ങൾ ഉപയോഗ കാലയളവും റിപ്ലയർ ചെയ്യുന്നത് ലാഭകരമാണോ എന്നതും പരിശോധിച്ച ശേഷം കാരണം രേഖപ്പെടുത്തി ഓഫീസ് മേധാവിയുടെ സാക്ഷ്യപ്പെടുത്തലോടെ കൂടി ഡെഡ് സ്റ്റോക്ക് സ്ക്രാപ്പ് രജിസ്റ്ററിലേക്ക് മാറ്റേണ്ടതും ഇവ സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് കയ്യൊഴിയേണ്ടതുമാണ്. കംപ്യൂട്ടറുകളും മറ്റും റിപ്ലയർ ചെയ്യുമ്പോൾ, ടി വിവരം അതത് ഉപകരണത്തിന്റെ വിശദാംശങ്ങൾക്കൊപ്പം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഇത്തരം സ്റ്റോക്കെടുപ്പ് ഡിസ്പോസൽ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

ഇത് സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കുക എന്നതോടൊപ്പം ഉപകരണങ്ങൾ നഷ്ടപ്പെട്ടാൽ തിരിച്ചറിയാതെ പോകുന്നതിനും കേടായാൽ വാറണ്ടി ഉറപ്പ് വരുത്താനാവാതെ റിപ്ലയർ ചെയ്ത് അധിക ചെലവിന് കാരണമാകുന്നതുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 09.15.11.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ലഭ്യമാവാനവശ്യപ്പെടുന്ന കംപ്യൂട്ടറുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്യുന്നത് വരെ ആയതിന്റെ ചെലവ് തുക 90024/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-40 കേരളോത്സവം-രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.

പദ്ധതി – 132/2025 കേരളോത്സവം.
നിർവ്വഹണം – സെക്രട്ടറി.
ചുവടെ ചേർത്ത ചെലവ് വൗച്ചറുകൾ പ്രകാരം കേരളോത്സവം പദ്ധതി നടത്തിപ്പിലേക്കായി അടക്കൽ തുകയായ 150000 രൂപയും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം	വൗച്ചർ	അനുവദിച്ച തുക	തുക കൈപ്പറ്റിയ ആൾ
1	22400583/21.11.2024	50000	മുഹമ്മദ് ശഫീം
2	22400647/30.11.2024	50000	
3	22400693/20.12.2024	50000	
ആകെ		150000	

ഇത് സംബന്ധിച്ച വൗച്ചർ ചെലവിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1) മേൽ മൂന്ന് വൗച്ചറുകളിൽ ക്രമ നം. 1 വൗച്ചർ പ്രകാരമുള്ള 30000 രൂപയുടെ ചെലവ് രേഖകൾ വൗച്ചറിന്റെ കൂടെ സമർപ്പിച്ചിട്ടില്ല.

2) മറ്റ് വൗച്ചറുകളുടെ കൂടെ സമർപ്പിച്ച ഇൻവോയ്സുകൾ പ്രകാരമുള്ള തുകകൾ അടവാക്കിയതാണ് എങ്കിലും ഇൻവോയ്സുകൾ കാൻസൽ ചെയ്തിട്ടില്ല.

അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും, ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതുമാണ്, ആയത് വരെ രേഖകൾ ലഭ്യമാക്കാത്ത വൗച്ചർ പ്രകാരമുള്ള തുക 30000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു (ഓഡിറ്റ് എൻക്വയറി നം 34/18.11.25-മറുപടി ലഭ്യമാക്കിയില്ല)

1-41 വസ്തു നികുതി ഡിമാന്റ് നോട്ടീസ് വിതരണം - കൈപ്പറ്റുകൾ ലഭ്യമാക്കിയില്ല.

സ.ഉ.(സാധാ) നം. 1133/2021/ത സ്വ.ഭ.വ തീയതി 13.06.2021 പ്രകാരം വസ്തു നികുതി ഡിമാന്റ് നോട്ടീസുകൾ വിതരണം ചെയ്യുന്നതിനുള്ള തുക, ഒരു ഡിമാന്റ് നോട്ടീസിന് 5 രൂപ എന്നത് 10 രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

സെക്രട്ടറിയുടെ ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ, 22400471/19.10.2024 നമ്പർ വൗച്ചർ പ്രകാരം 83320/- രൂപ ചുവടെ ചേർത്ത ആളുകൾക്കായി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ വസ്തു നികുതി ഡിമാന്റ് നോട്ടീസുകൾ വിതരണം ചെയ്തതിന് ചെലവഴിച്ചിട്ടുണ്ട്. ഓരോ വാർഡിലും ഇത്ര എണ്ണം ഡിമാന്റ് നോട്ടീസുകൾ വിതരണം നടത്തി എന്ന് രേഖമൂലം അറിയിച്ചവർക്ക് തുക അനുവദിക്കുകയാണ് ചെയ്തത്. ഡിമാന്റ് നോട്ടീസുകൾ കൈപ്പറ്റിയവരുടെ കൈപ്പറ്റുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.35/18.11.25 നൽകിയതിൽ വാർഡുകളിൽ ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തതിന്റെ കൈപ്പറ്റുകൾ രേഖപ്പെടുത്തിയ ബുക്കുകൾ പരിശോധനക്ക് ലഭ്യമാക്കി. എന്നാൽ ഓരോ വാർഡിലെയും കൈപ്പറ്റുകളും വിതരണം ചെയ്ത എണ്ണവും തമ്മിൽ വലിയ വ്യത്യാസം ഉള്ളതിനാലും പേര് രേഖപ്പെടുത്തിയതിന് നേരെ നിരവധി പേർ ഒപ്പ് വെക്കാത്തതായി ഉള്ളതിനാലും തുക അനുവദിച്ചതിന്റെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

വാർഡ് നം	ഡിമാന്റ് നോട്ടീസ് എണ്ണം	അനുവദിച്ച തുക	വിതരണം നടത്തിയ തുക	കൈപ്പറ്റ് രജിസ്റ്ററിൽ ഒപ്പ് വെച്ച എണ്ണം
1	480	4800	ഉഷ	278
2	258	2580	സജിത	132
3	269	2690	സുപ്രിയ	103
4	846	8460	ഫാത്തിമ	454
5	515	5150	സുജിത	506
6	347	3470	സാബിറ	500
7	470	4700	രഷ്മി	445
8	265	2650	ഹാജറ	386
9	365	3650	ജുബൈരിയ	339
10	290	2900	മൈമൂനത്ത്	488
11	327	3270	ആരിഫ	372
12	122	1220	നസ്രിയ	239
13	313	3130	ഫൗസിയ	476
14	313	3130	രഞ്ജുഷ	370
15	280	2800	ഷൈനി	293
16	110	1100	സുഖിയ	340
17	293	2930	സൗമ്യ	352
18	347	3470	സക്കീന	368
19	470	4700	പ്രമീള	352
20	437	4370	സാബിറ	639
21	434	4340	മറിയുമ്മ	331
22	567	5670	അയിഷാബി	444
23	267	2670	അനുപ്രിയ	134
ആകെ	8332	83320		

അപാകതക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിവിധ കുടുംബശ്രീ പ്രവർത്തകർക്ക് തുക അനുവദിച്ചതല്ലാതെ, വിതരണം നടത്തിയവർ ഓരോ വാർഡിലെയും ഏതൊക്കെ കെട്ടിട ഉടമകൾക്കാണ് ഏതൊക്കെ ഡിമാന്റ് നോട്ടീസുകൾ വിതരണം ചെയ്തത് എന്നത് സംബന്ധിച്ച കൃത്യമായ വിവരം ഇല്ല. ആയതിനാൽ തന്നെ ഡിമാന്റ് നോട്ടീസുകൾ അതത് കെട്ടിട ഉടമകൾക്ക് യഥാസമയം കൈമാറിയിട്ടുണ്ടോ എന്നത് വ്യക്തമല്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും ഡിമാന്റ് നോട്ടീസുകളുടെ വിതരണം സംബന്ധിച്ച ഓരോ വാർഡിലേയും കൃത്യമായ കണക്കുകൾ കൈപ്പറ്റ് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതുമാണ്

I-42 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി- അപാകതകൾ

പ്രോജക്റ്റ് നം. 369/21 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ.

വിനിയോഗിച്ച തുക – 2473322 രൂപ (രണ്ട് ഫണ്ട്).

വൗച്ചർ നം. 2240/380/30.03.2023

നിർവ്വഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ തകരാറിലായ തെരുവ് വിളക്കുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തിയാണ് പദ്ധതി പ്രകാരം നടത്തിയിട്ടുള്ളത്. ഇ- ടെണ്ടർ മുഖേന കുറഞ്ഞ തുക കൊട്ട് ചെയ്ത യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് കൊല്ലം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 21.02.2023ലെ 19(1) നമ്പർ ഭരണസമിതി തീരുമാനം പ്രകാരം അംഗീകരിച്ച്, 5 വർഷം വാറണ്ടിയോടെ ചുവടെ പട്ടികയിൽ ചേർത്ത പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിച്ചതിനാണ് തുക അനുവദിച്ചിരിക്കുന്നത്.

ക്രമ നം	ലൈറ്റ് ഇനം	എണ്ണം	ആകെ വില
1	24W മാന്വൽ LED ലൈറ്റുകൾ	244	643427
2	24W ഓട്ടോമാറ്റിക് LED ലൈറ്റുകൾ	341	1583506
3	120W മാന്വൽ LED ലൈറ്റുകൾ	27	246589
		612	2473522

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയതിന്റെ രേഖകൾ ഇല്ല. (ഗവ. സർക്കുലർ നം.3055 ഡി.ഒ 3/2011 തസ്രഭവ തീ.15.09.2011)

2) ടെണ്ടർ പ്രകാരമുള്ള നിശ്ചിത വാട്ടേജ് എൽ ഇ ഡി ഓട്ടോമാറ്റിക് മാന്വൽ ലൈറ്റുകളാണ് അതത് പോസ്റ്റുകളിൽ 2 വർഷ വാറണ്ടിയോടെ സ്ഥാപിച്ചത് എന്നത് ആയതിന് ക്ഷമതയുള്ള ഉദ്യോഗസ്ഥനോ മോണിട്ടറിങ്ങ് സമിതിയോ സാക്ഷ്യപ്പെടുത്തിയതായും ഇല്ല.

3) കെ എസ് ഇ ബി ഇലക്ട്രിക് പോസ്റ്റിലാണ് പ്രവൃത്തി നടക്കുന്നത് എന്നതിനാൽ കെ എസ് ഇ ബി മേൽനോട്ടത്തിലാണ് പ്രവൃത്തി നടത്തേണ്ടിയിരുന്നത്. എന്നാൽ ആയത് പാലിച്ചിട്ടില്ല.

4) കെ എസ് ഇ ബിയിൽ നിന്നും ക്ലിയറൻസ് വാങ്ങിയ ശേഷം മാത്രമേ സപ്ലൈ ഓർഡർ നൽകാവൂ എന്ന് സ.ഉ(സാധാ)നം.3140/2015 തസ്വഭവ തീ.16.10.2015 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ് ആയത് പാലിച്ചിട്ടില്ല. പ്രവർത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും കെ.എസ് ഇ ബി ഡിവിഷനുകളിൽ നിന്നും ലഭിച്ചിട്ടില്ല.

5) തെരുവ് വിളക്കുകൾക്ക് 2 വർഷ വാറണ്ടിയുള്ളതിനാൽ, വാറണ്ടി പിരീഡിൽ തെരുവുവിളക്കുകൾക്ക് ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ സ്ഥാപനം പരിഹരിക്കുന്നതാണ് ഈ ആവശ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/15 നം. കത്തിൽ നിർദ്ദേശമുള്ളതാണ്. ആയത് പാലിച്ചിട്ടില്ല.

6) തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/15 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം ഒരു മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ് (പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം. പ്രദേശം/വാർഡ് വിവരം നൽകുന്ന ആളിന്റെ പേരും ഫോൺനമ്പർ ,അറ്റകുറ്റപണി നടത്തിയ തീയ്യതി,ഇലക്ട്രീഷ്യന്റെ ഒപ്പ് ,നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ) ആയത് പാലിച്ചിട്ടില്ല.

7) അനസ് വാർഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് എന്നാൽ പദ്ധതി മോണിറ്റിംഗ് നടത്തിയിട്ടില്ല.

8) ആകെ 312 എണ്ണം സ്ട്രീറ്റ് ലൈറ്റുകൾ പദ്ധതി പ്രകാരം സ്ഥാപിച്ചതായി കാണിച്ചിട്ടുണ്ടെങ്കിലും, ആയവ തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തിട്ടില്ല. തെരുവ് വിളക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്(ഓഡിറ്റ് എൻകെയറി നം.36/18.11.25 മറുപടി ലഭ്യമാക്കിയിട്ടില്ല)

1-43 സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ് അടവാക്കൽ, സംയുക്ത പരിശോധന - അപാകതകൾ

ചുവടെ ചേർത്ത വൗച്ചറുകൾ പ്രകാരം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ തുക KSEB ക്ക് അനുവദിച്ചിട്ടുണ്ട്.

ക്രമ നം	വൗച്ചർ നം/തിയതി	തുക	മാസം
1	12400052/30.04.2024	42428	03/2024
2	12400108/27.05.2024	41441	04/2024
3	12400148/14.06.2024	40584	05/2024
4	12400249/24.07.2024	38660	06/2024
5	12400323/23.08.2024	39997	07/2024
6	12400416/22.09.2024	37708	08/2024
7	12400477/24.10.2024	40555	09/2024
8	12400587/20.11.2024	39408	10/2024
9	12400697/20.12.2024	40676	11/2024
10	12400724/31.12.2024	133	11/2024
11	12400818/18.01.2025	39873	12/2024
12	12401069/16.02.2025	39586	01/2025
13	12401233/18.03.2025	36135	02/2025
ആകെ		477182	

ഗവ. സർക്കുലർ നം. 3055/ഡി.എ.3/2011/തസ്വഭവ തീ. 15.09.2011 പ്രകാരം കെ എസ് ഇ ബി യുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.
ഇത് പ്രകാരം പരിശോധന നടത്തി പ്രവർത്തിച്ച് വരുന്ന തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് മാത്രമാണ് അടവാക്കി വരുന്നത് എന്ന് ഉറപ്പാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻകെയറി നം.37/18.11.25ന് ലഭ്യമാക്കിയ മറുപടി പ്രകാരം, സംയുക്ത പരിശോധന നടത്തുന്നതിന് തലപ്പാറ ഇലക്ട്രിക്കൽ സെക്ഷൻ അസി.എഞ്ചിനിയർക്ക് A4-7312/2022/02.11.2021 നമ്പർ കത്ത് നൽകിയതിൽ പരിശോധനക്ക് തിയതി ലഭിച്ചിരുന്നതായും, എന്നാൽ ദേശീയ പാതയുടെ വികസന പ്രവൃത്തി വന്നതിനാൽ സംയുക്ത പരിശോധനക്ക് അസൗകര്യം നേരിട്ടതാണെന്നും പുതിയ ഭരണസമിതി അധികാരമേറ്റ ശേഷം തെരുവ് വിളക്കുകളുടെ എണ്ണം നിജപ്പെടുത്തുന്നതാണെന്നും അറിയിച്ചു.
തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധ നടത്തി വിവരം അറിയിക്കേണ്ടതാണ് ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും , തെരുവ് വിളക്ക് സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടതുമാണ്.

1-44 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല

സ.ഉ(കൈ) നം.84/2021/തസ്വഭവ തീയതി 19.04.2022 , ഖ 3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനഃസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ ഉൾപ്പെടുന്ന യോഗങ്ങളിൽ അവതരിപ്പിക്കുക, ആ തലങ്ങളിലെ ചർച്ചകളുടെയും

തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, പ്രോജക്ടുകളുടെ അടങ്കൽ തുകയെ കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തുക, പ്രോജക്ടുകളുടെ യുക്തി, ക്ഷമത, പ്രായോഗികത, അനുയോജ്യത എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുക, വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ പരിശോധിച്ചതിൽ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനോടനുബന്ധിച്ച് ഒന്നോ രണ്ടോ യോഗങ്ങൾ ചേരുകയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതായ പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും മാത്രമാണ് യോഗങ്ങളിൽ നടന്നിട്ടുള്ളത് എന്ന് കാണുന്നു.

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും ഗുണമേൻമ ഉറപ്പ് വരുത്തേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ ഖണ്ഡിക-14 ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് മോണിറ്ററിംഗ് കമ്മിറ്റികൾ നിർവ്വഹണ ഘട്ടത്തിൽ നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേൻമയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മോണിറ്ററിംഗ് കമ്മിറ്റിക്ക് അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണോദ്യോഗസ്ഥന് നൽകാവുന്നതാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ് എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാതു മേഖലകളിലെ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ ചുമതലകൾ കടമകൾ നിർവ്വഹിക്കാതിരിക്കുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ് (ഓഡിറ്റ് എൻകയറി നം.36/18.11.23 മറുപടി ലഭ്യമാക്കിയിട്ടില്ല)

1-45 സർക്കാർ നിർദ്ദേശ പ്രകാരം അസറ്റുകളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ഇലക്ട്രോണിക്സ് ആന്റിക്കളായ ഫർണ്ണിച്ചർ, ഇലക്ട്രോണിക്സ്, കംപ്യൂട്ടർ അനുബന്ധ മറ്റ് ഉപകരണങ്ങളുടെ സ്റ്റോക്കെടുപ്പും പരിപാലനവും സൂക്ഷിപ്പും സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും,ഓഫീസ് ഫർണ്ണിച്ചറുകൾക്കും സ്റ്റോറുകൾക്കും പുസ്തകങ്ങൾ ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ഫർണ്ണിച്ചർ അനുബന്ധ ഉപകരണങ്ങൾക്ക് കേരള ഫിനാൻഷ്യൽ കോഡ് വാല്യം പ്രകാരമുള്ള Form 13 രീതിയിലുള്ള വിവരങ്ങൾ ചേർത്ത് സ്റ്റോക്ക് രജിസ്റ്ററുകൾ സ്റ്റോക്ക് രജിസ്റ്ററുകളിലും ഉപകരണങ്ങളിലും രേഖപ്പെടുത്തി സ്റ്റോക്കിലെടുക്കേണ്ടതാണ്.

എന്നാൽ, ഗ്രാമപഞ്ചായത്തിൽ ഇത്തരം സ്റ്റോക്ക് രജിസ്റ്റർ നിലവിലില്ല. ഫർണ്ണിച്ചർ അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്തിലെ നാളിതുവരെ ലഭ്യമായ ഉപകരണങ്ങളുടെ എണ്ണമോ മൂല്യമോ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

മുൻകാലങ്ങളിൽ ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരുന്ന എല്ലാ ഫർണ്ണിച്ചർ അനുബന്ധ ഉപകരണങ്ങളും നിലവിൽ ഗ്രാമപഞ്ചായത്തിൽ ഉണ്ടോ എന്നതും നഷ്ടപ്പെട്ട് പോയിട്ടുണ്ടോ എന്നതും വ്യക്തമല്ല.

2) ഗവ. സർക്കുലർ നം. 36/2010/ഫിൻ തീ. 24.09.2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ/സോഫ്റ്റ് വെയർ അനുബന്ധ ഉപകരണങ്ങൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററർ സൂക്ഷിക്കേണ്ടതാണ്. അപ്രകാരം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കേടായി ഉപയോഗ ശൂന്യമായി നിലവിൽ ഉപയോഗിക്കാത്ത കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉൾപ്പെടെ സ്റ്റോക്കിൽ നിലനിൽക്കുന്നതായാണ് കാണുന്നത്.

രജിസ്റ്ററിലെ സ്റ്റോക്ക് എൻട്രി കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. ഉപയോഗ പ്രദമല്ലാത്ത ഉപകരണങ്ങൾ മുകളിലെ ഹാളിൽ നിലനിൽക്കുന്നതായും ഉണ്ട്. യഥാസമയം സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി ഉപയോഗ പ്രദമല്ലാത്ത ഉപകരണങ്ങൾ സ്റ്റോക്കിൽ നിന്നും ഒഴിവാക്കി സ്റ്റോക്ക് ക്രമീകരിക്കുന്നില്ല.

3) വിവിധ കണ്ടിജന്റ് ബില്ലുകൾ പ്രകാരം കംപ്യൂട്ടറുകളും പ്രിന്ററുകളും റിപ്പയർ ചെയ്തിട്ടുണ്ട്. റിപ്പയർ ചെയ്യുന്ന ഉപകരണങ്ങളുടെ വിവരങ്ങൾ അതത് ഉപകരണത്തിന്റെ വിശദാംശങ്ങൾക്കൊപ്പം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. നിലവിലുള്ള ഉപകരണങ്ങൾ തകരാറിലായതിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, ഉപകരണത്തിന്റെ പ്രവർത്തന കാലയളവ് (സർക്കാർ ഉത്തരവ് (എം.എസ്)നം.21/2018 ഐ.ടി.ഡി തിയതി 26.10.2018, സർക്കാർ ഉത്തരവ് (എം.എസ്)നം.30/2021/ഐ.ടി.ഡി തിയതി 01.10.2021 തുടങ്ങിയവ) പരിശോധിച്ച രേഖകളോ റിപ്പയർ നടപടികൾ സ്വീകരിക്കുന്നത് എന്നതും വ്യക്തമല്ല.

4) സ്റ്റോക്കുകളുടെ വാർഷിക കണക്കെടുപ്പ് നടത്തിയതിന്റെ വിവരം ഇല്ല.

5) ഉപയോഗ പ്രദമല്ലാതെ സ്റ്റോക്കിൽ നിന്നും ഒഴിവാക്കുന്ന ഉപകരണങ്ങൾ സ്ക്രാപ്പ് ഡെഡ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം.46/19.11.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് പരിപാലനവുമായി ബന്ധപ്പെട്ട് KFC Rule 140 മുതൽ 154 വരെ വ്യക്തമാക്കിയിട്ടുള്ള നടപടിക്രമങ്ങൾ

പാലിക്കാത്തതിനും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററുകൾ നിലവിലുള്ള എല്ലാ ഉപകരണങ്ങൾ ചേർത്തും ഉപയോഗശൂന്യമായവ സ്റ്റോക്കിൽ നിന്നും ഒഴിവാക്കിയും കാലികമാക്കി വാർഷിക കണക്കെടുപ്പ് സാക്ഷ്യപത്രം രേഖപ്പെടുത്തി പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16 KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് നിഷ്പാദ്ധിന്റെ പരിശോധകഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16 KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് നിഷ്പാദ്ധിന്റെ പരിശോധകഭാഗം]

1-1 എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - അസി എഞ്ചിനീയർ

ചുവടെ കാണിച്ച പ്രവൃത്തിക്ക് റോഡ് പ്രവൃത്തികൾക്ക് ബാധകമായ 18% ഓവർ ഹെഡ് ചാർജ് നൽകി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. വാർഡ്-18 ലെ കൊളക്കാട്ടിൽ തോട് നവീകരണമാണ് ഇവിടെ ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ലാത്തതിനാൽ 5% ഓവർ ഹെഡ് ചാർജ് നൽകി DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത് എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് കാരണം പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

പ്രവൃത്തി	ഇനം, അളവ്	നൽകിയ തുക	നൽകാവുന്ന തുക	അധികം
കൊളക്കാട്ടിൽ തോട് വാർഡ്-18 (.82.25) ടി.എസ്-10 ലക്ഷം ടി.എസ് നം-26665/2024-25/28.10.2024	എർത്ത് വർക്ക് എസ്കവേഷൻ 42.263 M3 (3.5.2)	2704.83 @ 64.45/M³ (കാട്ട് ചെയ്തത്- 64 M3)	12629.87/- @298.84/M³ DSR കോഡ് 2.8.1 പ്രകാരം നൽകാവുന്ന നിരക്ക്	(-)9935.04
ഫണ്ട് - CFC ചെലവ് തുക-993581 കരാറുകാരൻ ശ്രീ. വിനോജ് എം എഗ്രിമെന്റ്-19/2024-25/ AE/ADK, 13.1.2025	ഡ്രൈനേജ് മേസന്ററി 211.202 M³	772999.32/- @ 3660.07 M3 (കാട്ട് ചെയ്തത്- 3660 M³)	742028.65 @ 3513.36M³ കോഡ് 60.7.1 പ്രകാരം നൽകാവുന്ന നിരക്ക്	30970.67
വൗച്ചർ നമ്പർ-XVFC/2023-24/P.83, തീ-22.3.2025 900000/- വൗച്ചർ നമ്പർ-XVFC/2023-24/P.92, തീ-25.3.2025, 59699/-	സിമന്റ് കോൺക്രീറ്റ് 291 M³	83008.32 @3642.72M³ (കാട്ട് ചെയ്തത്- 6942 M3)	58626.49 @8040.94 M³ DSR കോഡ് 4.1.3 പ്രകാരം നൽകാവുന്ന നിരക്ക്	4382.33
അളവ് പുസ്തകം -എം ബുക്ക് DSR 2018 (കോസ്റ്റ്	സെന്റേറിങ് 145.31*0.10= 14.531 M²		@337.42/M² DSR കോഡ് 4.3.1 പ്രകാരം നൽകാവുന്ന നിരക്ക്	(-) 4919.92

ഇൻഡക്സ് 36.44%)			
ജില്ലയിലെ 91464/20-[illegible]			20508.04
18% GST തുക അടക്കം			**24199/-**

അധിക തുക 24199 രൂപ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഈടാക്കാത്തിരിക്കാൻ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകായറി നമ്പർ- 12/2024-25/17.11.2025 ന് അധികം നൽകിയ 24199 /- കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കുന്നത് വരെ 24199 രൂപ തെറ്റായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറുടെയും സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ബാധ്യതയായി കണക്കാക്കുന്നു.

ഭാഗം 4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന

മുന്നിയൂർ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം *	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(01.22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
14	84000	84000	0	-

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ഇല്ല

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ഇല്ല

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ തീയതി
2024-25	2024-25 ഓഡിറ്റ് വേളയിൽ പരിശോധിച്ചു.	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി

4-3 സംയുക്ത ഏപ്പാജകൂകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്,നമ്പർ	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	1400000	3/25- സമഗ്ര നെൽ കൃഷി വികസനം	1400000	0
	61097	130/25 സമഗ്ര നെൽ കൃഷി വികസനം	61097	0
	180062	12/25- പാലിനു സബ്സിഡി	180062	0
	160000	17/25 ലൈഫ് പദ്ധതി-എസ് സി	160000	0

	1440000	110/25 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ	1440000	0
	401418	210/25 ചിനക്കൽ കുളംകൊള്ളിയാൽ റോഡ്	401418	0
കില്ലാപഞ്ചായത്ത്	336072	180/25 സമഗ്ര ഒന്നര് കുഴി വികസനം	336072	0
	240000	110/25 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ	240000	0
	1000000	146/25 എസ് സി സ്കോളർഷിപ്പ് നൽകൽ	1000000	0

4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ ഫണ്ടിന്റെ വിവരം

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നമ്പർ/ വൗച്ചർ നം / ചെക്ക് നം	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	പൂർത്തീകരിച്ച് വിവരം	ചെലവഴിക്കാൻ ബാക്കിയുള്ള തുക
KSEB	178/25 വിവിധ വാർഡുകളിൽ ഇല്ക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ	24150652007700 167392/09.05.2024	18336	0	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല	18136
KSEB	300/25 മുട്ടിച്ചിറ ഉമ്മാത്തൻ കണ്ടി വരെ PWD റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ	24150652007701 672208/24.03.2025	Rs.150000	0	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല	Rs.150000
KSEB	354/25 ആയുർവ്വേദ ആശുപത്രി വൈദ്യുത ലൈൻ മാറ്റൽ കെ.എസ്.ഇ.ബി-ക്ക് തുക അടവാക്കൽ	22401318/ 27.03.2025	Rs.50000	0	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല	Rs.50000
KSEB	153/25 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ വാർഡ് 19	22401361/ 29.03.2025	Rs.285362	0	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല	Rs.285362
KSEB	164/25 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ	(A) 22400845/ 29.11.2024 Rs. 677083. (B) 22401331/ 28.03.2025 Rs. 200000	Rs.877083	0	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല	Rs.877083
ചെറുകിട ജലസേചന വിഭാഗം-മലപ്പുറം.	314/25 മുള്ളൻകുഴി പമ്പ് ഹൗസ് റോഡ് തുക ഇറിഗേഷന് അടവാക്കൽ	22401330/28.03.2025 Rs. 800000	Rs. 800000	0	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല	Rs. 800000
PWD ഇലക്ട്രോണിക്സ് സബ്ഡിവിഷൻ പാലക്കാട്	307/25 സി.സി.ടി.വി പുനർസ്ഥാപിക്കൽ കൗം	22400768/06.01.2025 Rs. 500000	Rs. 500000	0	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല	Rs. 500000

4-5 മൊബിലൈസേഷൻ നൽകിയതിന്റെ വിവരം

ഇല്ല

4-6 വായ്പ തിരിച്ചടവിന്റെ വിവരം

ക്രമ	വായ്പയുടെ ഉദ്ദേശ്യം	ഉത്തരവ് നം /	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള	തൽവർഷം അടച്ചത്	വർഷാവസാന ബാക്കി

നം.		തിയ്യതി		മുൻബാക്കി	മുതൽ പലിശ	
1	HUDCO Loan	ലഭ്യമല്ല	878832	0	1139814	7642141

4-7 സ്ഥിര നിക്ഷേപത്തിന്റെ വിവരം

എ) സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹)	35979480
തൽവർഷം നിക്ഷേപിച്ച തുക (₹)	3698908
ആകെ (₹)	39678394
തന്നാണ്ടിൽ പിൻവലിച്ച തുക (₹)	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹)	39678394

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിശദവിവരം

നിക്ഷേപത്തിന്റെ വിവരം	തുക (₹)	രശീതി നമ്പർ
വെള്ളിമുക്ക് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	4413147	FD No. 7624
-ടി-	2943432	FD No. 7625
-ടി-	14484934	FD No.7623
-ടി-	7594001	FD No. 7774
-ടി-	8064070	FD No. 8039
തിരൂരങ്ങാടി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	2058831	FD No.13928
-ടി-	306670	FD No. 19677
-ടി-	270512	FD No. 4593
-ടി-	1040777	FD No. 13252
ആകെ	39678394	

4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൽവർഷം ലഭിച്ച 76268/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഓടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീതി നമ്പർ തിയ്യതി
1	2023-24	എൻകെയറി നം. 8	12000	ഐ സി ഡി എസ് സൂപ്പർവൈസർ	1241100698 28.11.24
2	2023-24	എൻകെയറി നം. 22(5)	11538	അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി	1241100912 13.12.24
3	2023-24	1-16	11610	അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി	1241101531 15.01.25
4	2023-24	1-12	200		1241101571 17.01.25
5	2023-24	1-16	29510	സെക്രട്ടറി, മൂന്നിയൂർ ഗ്രാമപഞ്ചായത്ത്	1241103028 29.03.25
6	ലഭ്യമല്ല	ലഭ്യമല്ല	7364	അസ്സൂൽ അസീസ് ഇ.കെ	1241100870 11.12.24

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ	സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ	വിഷയം	നിലവിലെ അവസ്ഥ
1999-2002 ഖണ്ഡിക 18	2004-05 ഖണ്ഡിക3.10.1.7	പദ്ധതിപ്രകാരം നിക്ഷേപമായി കൂടിവെള്ളമെത്തിയില്ല	നിയമസഭാസമിതിയുടെ പരിഗണനയിൽ
2014-15 ഖണ്ഡിക 2-1.2-2	2016-17	പൊതു പരാമർശം	തുടരുന്നു.

2013-14-2014-15 ഖണ്ഡിക 3-1	2015-16	വെള്ളിക്കാരം അവലോകനം	തുടരുന്നു
2009-10-2010-11 ഖണ്ഡിക 3(20)	2013-14	ഉറപ്പു അവലോകനം	തുടരുന്നു

4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഓഡിറ്റ് റിപ്പോർട്ട്	ഖണ്ഡിക	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ	ചാർജ്/ സർചാർജ് വിവരം	തുക (₹)	ഈടാക്കിയത്	അവശേഷിക്കുന്ന തുക	റിമാർക്സ്
2007-08	3-1	പി.ചന്ദ്രശേഖരൻ സെക്രട്ടറി	LF5597/ Spl.Cell/ SC-D1/12/ 04.12.14	5320	5320	0	Rt. 11402500019/ 31.12.14
	3-8	എം.സി ജോഫർഷെരീഫ്, അസി.എഞ്ചിനീയർ	LF6083/ Spl.Cell/ C-D1/12/ 21.2.15	396748	0	396748	OP191/15 Allowed 14.12.17
2008-09	3-12	കെ.രാധാകൃഷ്ണൻ, എച്ച്.എം	LF8083/ Spl.Cell/ SC-D1/12/ 20.2.15	510058	0	510058	WP© 35921/15 Stay 26.11.15
2011-12 2012-13	3-7	മൈമുന കെ.ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ	LF5819/ Spl.Cell/ CSC-D1/ 15/14.12.17	8637	8637	0	Rt. 11602100076/ 4.4.16

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹)	269824438
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹)	150193304
വരവിനങ്ങളിലുള്ള നഷ്ടം (₹)	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹)	24199/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹)	6222287

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1		24199	12099.5-ശ്രീമതി.സജ.ക,അസി.എഞ്ചിനീയർ 12099.5- ശ്രീമതി.പ്രിയങ്ക വി.എസ്,അസി.എക്സി.എഞ്ചിനീയർ
	ആകെ	24199/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-28	2500000	ശ്രീ. നവാസ് കെ.പി എം, സെക്രട്ടറി
1-33	273000	ശ്രീമതി. ബിൽക്കീസ് ചീരോത്ത്, അസി. സെക്രട്ടറി
1-37	64260	ശ്രീ. ഉണ്ണി കെ, സെക്രട്ടറി
	62422	ശ്രീമതി. നാസില സി എ, സെക്രട്ടറി

1-38	18136	ശ്രീ. ഉണ്ണി കെ., സെക്രട്ടറി
	3162445	ശ്രീമതി. നാസില സി എ, സെക്രട്ടറി
1-39	99024	ശ്രീമതി. നാസില സി എ, സെക്രട്ടറി
1-40	50000	ശ്രീമതി. നാസില സി എ, സെക്രട്ടറി
ആകെ	6222287	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി സജ ഒ അസി എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി, മൂന്നിയൂർ ഗ്രാമ പഞ്ചായത്ത്	താരാമഠത്തിൽ വീട്, ആർ എം ഹോസ്പിറ്റലിന് എതിർവശം, പുഴിക്കടവ് റോഡ്, ബേപ്പൂർ. പി.ഒ Mob.No 9946195540 E Mail Id.Sajuamkuzhi@Gmail.Com
ശ്രീമതി പ്രിയങ്ക.വി.എസ്, അസി.എക്സി എഞ്ചിനീയർ	അസി.എക്സി എഞ്ചിനീയർ എൽ.എസ്.ജി.ഡി സബ് ഡിവിഷൻ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്	ഒറ്റപ്ലാക്കൽ TC 11/1665 ചാരച്ചിറ റോഡ് കവടിയാർ(പി.ഒ) തിരുവനന്തപുരം പിൻ കോഡ് 695003 Mob.No 9347168144 E Mail Id.Shajuneelima@Gmail.Com

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	എൽ എഫ് എം 11/608/02 തിയ്യതി 26.10.10	2
1998-99	എൽ എഫ് എം 11/629/02 തിയ്യതി 26.10.10	0
1999-00 (വരവ്)	എൽ എഫ് എം 17/483/07 തിയ്യതി 26.10.10	1
1999-00 (പദ്ധതി ചെലവ്)	എൽ എഫ് എം 14/878/04 തിയ്യതി 26.10.10	25
2000-01	എൽ എഫ് എം 17/485/07 തിയ്യതി 26.10.10	1
2001-02	എൽ എഫ് എം 17/486/07 തിയ്യതി 26.10.10	4
2002-03	കെ എസ് എ എം പി എം 15/1540/19 തിയ്യതി 09.08.21	2
2003-04	കെ എസ് എ എം പി എം 15/1540/19(1) തിയ്യതി 09.08.21	1
2005-06	കെ എസ് എ എം പി എം 15/1540/19(3) തിയ്യതി 09.08.21	10
2006-07	കെ എസ് എ എം പി എം 15/1540/19(4) തിയ്യതി 09.08.21	10
2007-08	കെ എസ് എ എം പി എം 15/1540/19(5) തിയ്യതി 09.08.21	8
2008-09	കെ എസ് എ എം പി എം 15/1540/19(6) തിയ്യതി 09.08.21	15
2009-10,10-11	കെ എസ് എ എം പി എം 15/2787/19(7) തിയ്യതി 09.08.21	9

2011-12,12-13	കെ എസ് എ എം പി എം 15/2145/22 തിയ്യതി 30.09.2022	2
2013-14,14-15	കെ എസ് എ എം പി എം 15/777/16 തിയ്യതി 19.05.16	20
2015-16	കെ എസ് എ എംപിഎം 15/166/20 തിയ്യതി 09.06.20	12
2016-17	കെ എസ് എ എം പി എം 15/85/2020 20.06.2020	23
2017-18	കെ എസ് എ എം പി എം 15/2084/2018 24.01.2019	33
2018-19	കെ എസ് എ എം പി എം 15/20/2020 09.12.2020	10
2019-20	കെ എസ് എ എം പി എം 15/1996/2021 22.09.2022	23
2020-21	കെ എസ് എ എം പി എം 15/1997/2021 22.09.2022	21
2021-22	കെ എസ് എ എം പി എം 15/538/2023 03.04.23	22
2022-23	കെ എസ് എ എം പി എം 15/2803/2023 28.02.24	33
2023-24	കെ എസ് എ എം പി എം 15/2514/2024/15.3.25	16

മെഹബൂബ് സയാക്ക്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 12-06-2025 and submitted on 26-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Moonniyur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Moonniyur Grama Panchayat as on 31-03-2025

Date: 20/12/2025

Deputy Director

Kerala State Audit Department

Audit Report appended to the Audit Certificate of Moonniyur Grama Panchayat for the Year 2024-2025.

1.Major Observations

NIL

2.Other Observations

1.The Asset Register has not been upto dated

2.The following mandatory financial statements prescribed in accounting rules are not submitted for audit

Ratios

Notes on accounts

Comparative amounts

3.Worksheet for the calculation of depreciation was not presented for audit.

4.Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents

5.The valuation of stock and stores are not done at the end of the financial year and no amount is included in B-14 Stock in hand (inventories) schedule

6.Cheque deposited but not credited on the bank account

7.Lapses in making timely demand entries in respect of tax and non-tax revenues

8.Appropriation Control Register is not Kept for the Specific Purpose grant amount deposited in own Fund which are notified in B-4 Schedule

Head code	item	amount
320100142	Sarva Siksha Abhiyan	5,58,000
320100190	Vimukthi Grant	47,456
320100196	Integrated Child Developement Scheme	14,852,490

3201000999	Swarna Jayanthi Grama Swarozgar Yojana	18,909
3202000107	Fund For Transferred Institutions - Ayurveda-Capital	900,000
3202000199	Fund For Transferred Institutions - Others-Capital	451,500
3201000191	Nirmal Puraskar	167,273
3201000195	Drought Relief Grant	330,618
3201000198	Grant from Sachitwa Mission	2,263,345

9.For The following item , amount shown as liability in balance sheet B4 shedule doesnot match with the bank account opened for the specific grant amount

Sl. NO.	Item	As per B-4	As per B-17
1	TSC	1010163/-	287659 -
2	CFC(Tied+untied)	7583129+13360691=20943820	21566705
3	Jalanidhi	18,21,881	6,60,212
4	Health towards support for diagnostic infrastructure to the PHCs	942588	941388
5	Rural Housing-Housing For All	3,978,558	3,844,487
6	Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats	520,200	0

10 The ACR and APS for the items in grant heads are differed.

11.The necessary documents to verify liability titles are not kept.

12.Bank statements and Reconciliation statements are not produced for Audit

13.Amounts directly debited by bank amount are not taken into account.

14 for the following items The recipts in the register does not match with the AFS

Permit Fees

Profession Tax Traders-Advance

Profession Tax Traders-Current

Audit Recovery

License fees

15 The following registers are not up to date and are not reliable for audit

Advance Register

Deposite Register

Rent DCB register

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്